ശ്രീ. സി. മോയിൻകുട്ടി : സർ, ഈ ധനാഭ്യർത്ഥനകളെ വളരെ ശക്തമായി ഞാൻ പിന്താങ്ങുകയാണ്. സാമൂഹ്യക്ഷേമ വകുപ്പ് എന്നത് കൊണ്ടുദ്ദേശിക്കുന്നത് എന്താണ്? പാർശ്വവൽക്കരിക്കപ്പെട്ട പട്ടിണിപാവങ്ങൾ, ദുരിതമനുഭവിക്കുന്നയാളുകൾ, അംഗഭംഗം വന്ന ആളുകൾ ഇവരെയൊക്കെ ആശ്വസിപ്പിക്കുക എന്നുള്ളതാണ്. അതിന്റെ അർത്ഥവും, യഥാർത്ഥമായ പൊരുളും, അകക്കാമ്പും അറിഞ്ഞ്, പ്രവർത്തിക്കുന്ന ബഹുമാന്യനായ മന്ത്രി എം. കെ. മുനീർ ഈ രംഗത്ത് വളരെ ഗംഭീരമായ നീക്കങ്ങളാണ് സമീപകാലത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു വർഷക്കാലം കൊണ്ട് പെരുമഴയാണ് ആശ്വാസത്തിന്റെ രംഗത്ത് നൽകിയിട്ടുള്ളത്. പ്രിയപ്പെട്ട ശ്രീ. എ. എം. ആരിഫ് പറഞ്ഞത് കവചകുണ്ഡലങ്ങളൊക്കെ അഴിച്ചെടുത്തുവെന്നാണ്. ഇതൊക്കെ അഴിച്ചെടുത്തിട്ട് പോലും ഇന്നും മിന്നുന്ന താരമായി ഡോ. എം. കെ. മുനീർ നിലനിൽക്കുന്നു എന്നുള്ളതു തന്നെയാണ് അതിന്റെ വ്യക്തമായ ഒരു ചിത്രം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അദ്ദേഹം അധികാരമേറ്റ ഉടൻ തന്നെ പറഞ്ഞത് സാമൂഹ്യക്ഷേമ വകുപ്പിന് പകരം സാമൂഹ്യനീതി വകുപ്പാക്കി മാറ്റും എന്നാണ്. അങ്ങനെ പ്രഖ്യാപിക്കുക മാത്രമല്ല തുടർന്നുള്ള ഓരോ പ്രവർത്തനങ്ങളും പരിശോധിച്ചാൽ ഒരു വർഷം കൊണ്ടാണ് സാമൂഹിക രംഗത്തെ മാറ്റിമറിയ്ക്കാൻ അദ്ദേഹത്തിന് സാധിച്ചതെന്ന് മനസ്സിലാക്കാം.. മുമ്പ് ഒരിക്കലും ലഭ്യമാകാത്ത തരത്തിൽ കേന്ദ്രഫണ്ട് കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു. ഇതൊക്കെ തന്നെയാണ്

ജീവകാരുണ്യ രംഗത്ത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഏറ്റവും തിളക്കമുള്ള നേട്ടങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത്. സാമൂഹിക സുരക്ഷയുടെ അവശത അനുഭവിക്കുന്നവർക്ക് പ്രതീക്ഷ നൽകാൻ ഈ രംഗത്ത് അദ്ദേഹത്തിന് സാധിച്ചുവെന്ന് പറയാം. എൻഡോസൾഫാൻ നമ്മുടെ ദു:ഖമാണ്, നമ്മുടെ വേദനയാണ്. മുമ്പൊരിക്കലുമില്ലാത്ത ആശ്വാസ നടപടികൾ ആ രംഗത്ത് നൽകാൻ സാധിച്ചു. മാനുഷിക –ശാരീരിക വെല്ലുവിളികൾ നേരിടുന്ന ശയ്യാവലംബികളായിട്ടുള്ള ആളുകൾക്ക് 'ആശ്വാസകിരണം' പദ്ധതി കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു. അത് യാഥാർത്ഥ്യമാക്കാനും പ്രാവർത്തികമാക്കാനും അദ്ദേഹത്തിന് സാധിച്ചു. കാൻസർ രോഗം – സമീപകാലത്ത് ധാരാളമായി വർദ്ധിക്കുകയാണ് മാറാരോഗങ്ങൾ. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 'താലോലം' പദ്ധതി ആവിഷ്ക്കരിക്കുകയും ആ രംഗത്ത് ധാരാളം കാര്യങ്ങൾ അദ്ദേഹത്തിന് നിർവ്വഹിക്കാൻ സാധിച്ചു. വികലാംഗർക്കായി നിരവധി പദ്ധതികളാണ് കൊണ്ടു വന്നത്. ഞാനും ഒരു വികലാംഗസ്ഥാപനം നടത്തുന്നയാളാണ്.. ജനസംഖ്യയിൽ 11% ലധികം വരുന്ന 65 വയസ്സിനു കൂടുതലുള്ള ആളുകൾക്ക് 'വയോമിത്ര' എന്ന പദ്ധതി കൊണ്ടുവന്നു. ആ പദ്ധതി തീർച്ചയായും ഒരു ക്ഷേമബോർഡായി പരിവർത്തനം ചെയ്ത്, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ആ രംഗത്ത് മുന്നോട്ട് പോകണം എന്ന നിർദ്ദേശം ഈ സന്ദർഭത്തിൽ വയ്ക്കുകയാണ്. ആശുപത്രി ചികിത്സ ഈ നാട് നേരി

ടുന്ന ഏറ്റവും ഗൗരവതരമായ വെല്ലുവിളിയാണ്. ആശുപത്രികളിൽ കിടക്കുന്ന രോഗികളെ സംബന്ധിച്ചിടത്തോളം, കിടപ്പാടം പോലും വിറ്റുപോകുന്ന ഒരു സാഹചര്യമുണ്ട്. അവർക്കും അവരുടെ കൂട്ടിരിക്കുന്നവർക്കും ആശ്വാസം പകരാൻ ഒരു ഗവൺമെന്റ് മുന്നോട്ട് വന്നത് ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഡോ. എം. കെ. മുനീറിന്റെയും നേതൃത്വത്തിലാണ്. അതിനെ അഭിനന്ദിക്കാൻ എന്തുകൊണ്ട് ഇവർ മടിച്ചുനിൽക്കുന്നു എന്ന് എനിക്കറിയില്ല. സാമൂഹ്യക്ഷേമ വകുപ്പിനേയും അതിലൂടെ നടക്കുന്ന പദ്ധതികളേയും കാലാനുസൃതമായി പരിഷ്ക്കരിക്കാൻ സാധിച്ചുവെന്നുള്ളതാണ്. ഇവിടെ ശ്രീ. എം. എ. വാഹീദ് സൂചിപ്പിച്ചു. ടാഗ്–നമ്മുടെ ഭരണ സംവിധാനത്തിന്റെ കാലിൽ കുടുങ്ങിക്കിടക്കുന്ന കാൽച്ചങ്ങലകളും കൂച്ചുവിലങ്ങുകളും ചവിട്ടിപൊട്ടിച്ചെറിഞ്ഞു കൊണ്ട് ഈ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നീരാളി പിടിത്തത്തിൽ നിന്ന് ഈ രാജ്യത്തെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ധീരോദാത്തമായ ഐതിഹാസികമായ ഒരു നീക്കമാണ് ഡോ. എം. കെ. മുനീർ ഇവിടെ നടത്തിയിട്ടുള്ളത് തീർച്ചയായും അത് തുടർന്നും മുന്നോട്ട് കൊണ്ടുപോകണമെന്നാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു പുല്ലുവില പോലും ഇല്ലാത്ത രൂപത്തിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഈ കലക്കലാണ് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുള്ളത്. ആ നടപടികൾ തുടർന്നും മുന്നോട്ടുപോകണം.. സി.ഡി.എസ്.–ന് മാത്രമായി ഒരു ഡയറക്ടർ തസ്തിക അനുവദിച്ചിരുന്നു. പക്ഷേ അത് നടപ്പായിട്ടില്ല. അത് നട

പ്പാക്കണമെന്ന് നിർദ്ദേശിക്കുകയാണ്. ഈ വകുപ്പ് കാര്യക്ഷമമാക്കാൻ 14 സീനിയർ സൂപ്രണ്ടുമാരെ നിയമിച്ച തീരുമാനം തീർച്ചയായും സന്തോഷ കരമാണ്. അംഗൻവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടി യുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററായി ഉയർത്തിയ നടപടിയിൽ ഗവൺമെന്റിന് അഭിമാനിക്കാവുന്നതാണ്. വികലാംഗരായ വനിത കളുടെയും വിധവകളുടെയും പുനരധിവാസം, വിവാഹ സഹായം ഇതൊക്കെയാണ് ഒരു ഗവൺമെന്റിൽ നിന്ന് ഈ വകുപ്പ് പ്രതീക്ഷിക്കുന്ന ത്. മുമ്പില്ലാത്ത രീതിയിൽ വിധവകൾക്കും രോഗികളായിട്ടുള്ള ആളു കൾക്കും വികലാംഗർക്കും പുനരധിവാസം മാത്രമല്ല വിവാഹസഹായം വരെ എത്തിച്ചുകൊടുക്കാൻ സാധിക്കുന്ന ഗവൺമെന്റിന്റെ യഥാർത്ഥ മായ മുഖം; സഹാനുഭൂതിയുടെ മുഖം ഇന്ന് വ്യക്തമായി ഈ രംഗത്ത് ചർച്ച ചെയ്യപ്പെടുകയാണ്. ഗവൺമെന്റ് ആർക്കു വേണ്ടിയാണ്? അടിച്ച മർത്തുന്നവർക്കു വേണ്ടിയാണ്. എല്ലാ വിഭാഗം പിന്നോക്കം നിൽക്കുന്നയാളുകൾക്കും ആശ്വാസമെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇന്നു വരെയുണ്ടായിട്ടുണ്ടോ; ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കു കയാണ്. വിധവ-അഗതി പെൻഷൻ 400 രൂപയിൽ നിന്ന് 525 രൂപയാക്കി മാറ്റുകയും ക്യാൻസർ-കുഷ്ഠരോഗികൾക്കുള്ള സഹായം 200 രൂപയിൽ നിന്ന് 525 രൂപയാക്കി മാറ്റുകയും ചെയ്തു. അപ്പുറത്തിരുന്നവരുടെ പണി എന്തായിരുന്നു? ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് എന്തു പറയാനുണ്ട്? ക്ഷയരോഗികൾക്ക് 50 രൂപയായിരുന്നു നൽകിയിരുന്നത് 525 രൂപയാണ്

ഇപ്പോൾ കൊടുക്കുന്നത്. ഒറ്റയടിക്ക് എത്ര ശതമാനമാണ് കൂട്ടിയത്. ബി.പി.എൽ. കുടുംബത്തിൽപ്പെട്ട ഡയാലിസിസ് രോഗികൾക്ക് 525 രൂപയാണ് മാസത്തിൽ കൊടുക്കുന്നത്. അനാഥാലയത്തിലെ അന്തേവാസികൾക്ക് 250 രൂപ എന്നത് നേരെ ഇരട്ടിയല്ല 525 രൂപയാക്കിയാണ് വർദ്ധിപ്പിച്ചത്. അംഗവൈകല്യമുള്ള വികലാംഗർക്ക് 400 രൂപ എന്നത് 700 രൂപയാക്കി വർദ്ധിപ്പിച്ചു. 80 വയസ്സായ വൃദ്ധർക്ക് 400 രൂപ എന്നത് 900 രൂപയാക്കി, ഇരട്ടിയിലധികം വർദ്ധിപ്പിച്ചു. ആശാ വർക്കേഴ്സിന് 500 രൂപ രൂപ എന്നത് 600 രൂപയാക്കി. ഇവർ പ്രസംഗിക്കാനും സമരം ചെയ്യാനുമല്ലാതെ എന്തുചെയ്തിരുന്നു. പ്രീപ്രൈമറി അദ്ധ്യാപകർക്ക് 600 രൂപ എന്നത് 900 രൂപയാക്കി വർദ്ധിപ്പിച്ചു. നമ്മുടെ കൊച്ചു കുഞ്ഞുങ്ങൾക്ക് ബാലപാഠം ചൊല്ലിക്കൊടുക്കുന്ന ഇവർക്ക് തീർച്ചയായും കുറേക്കൂടി സംഖ്യ വർദ്ധിപ്പിക്കണം. ആയമാർക്ക് 400 രൂപ എന്നത് 600 രൂപയാക്കി. ഇതൊക്കെയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. അതല്ലാതെ വാചാലമായി പ്രസംഗിച്ച് എന്തെങ്കിലുമൊക്കെ പറഞ്ഞ് രക്ഷപ്പെടാൻ സാദ്ധ്യമല്ല. ഈ പട്ടിക ഇനിയും നീളുകയാണ്. ഞാൻ ആ പട്ടികയിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ തിളക്കവും ഇതൊക്കെ തന്നെയാണ്. ഞാൻ രാഷ്ട്രീയം ഒന്നും പറയുന്നില്ല. നിങ്ങൾക്കറിയാമല്ലോ, പിറവം തെരഞ്ഞെടുപ്പും നെയ്യാറ്റിൻകര തെരഞ്ഞെടുപ്പും. പന്ത്രണ്ടായിരം മുതൽ പതിമൂന്നായിരം വോട്ടിന്റെ ഭൂരിപക്ഷം എന്തുകൊണ്ടാണ് ഈ വർഷം കൊണ്ടുണ്ടാ

യത്. കാലുമാറി എന്ന് നിങ്ങൾ ആക്ഷേപിച്ച നെയ്യാറ്റിൻകരയിൽ എങ്ങനെ പതിമൂന്നായിരം വോട്ടിന്റെ ഭൂരിപക്ഷം എങ്ങനെയാണ് നേടിയത്? നിങ്ങൾ ആലോചിക്കണ്ടേ, മന:സാക്ഷിയിൽ കൈവച്ചുകൊണ്ട്, നെഞ്ചത്തു കൈവച്ചുകൊണ്ട്......... ഒരു മാറ്റത്തിന് ഇനിയെങ്കിലും തയ്യാറാകണ്ടേ? ഇവിടെ ഒരു മാസമായി എല്ലാവരും ചർച്ച ചെയ്യുന്നത് ടി.പി. ചന്ദ്രശേഖരൻ വധത്തെക്കുറിച്ചാണ്.  ഞാൻ ചർച്ച ചെയ്യുന്നില്ല. പക്ഷേ ഞാൻ ഒന്നു ചോദിക്കട്ടെ, ഈ നാട് കത്തിക്കാൻ നിങ്ങൾ നടത്തിയ ശ്രമം, ഒരു ചന്ദ്രശേഖരനും ഫസലും ഗഫൂറും ജയകൃഷ്ണൻ മാസ്റ്ററും ഒന്നും അല്ല ഇവിടെ വിഷയം. നാട് കത്തിക്കാൻ ഇതുവഴി നിങ്ങൾ നടത്തിയ പ്രശ്നമാണ്. ഫസലിന്റെ വധത്തെക്കുറിച്ച് നിങ്ങൾക്കറിയാം, കമ്മ്യൂണിസ്റ്റ്–മാർക്സിസ്റ്റ് പാർട്ടിയുടെ ചൂടും ചൂരുമുള്ള ഒരു നേതാവായിരുന്നു ഫസൽ. അയാൾ പാർട്ടിയിൽനിന്ന് മാറിയപ്പോൾ ആ കൊലപാതകം വഴി നാട് കത്തിക്കാൻ അദ്ദേഹത്തിന്റെ ചൂടുചോര മുക്കിയ ടവ്വൽ ആർ.എസ്.എസ്. കേന്ദ്രത്തിൽ കൊണ്ടുപോയി ഹിന്ദുവിനെയും മുസൽമാനെയും തമ്മിൽ തല്ലിച്ച് പരസ്പരം മുട്ടുകുത്തിക്കാൻ നിങ്ങൾ ശ്രമിച്ചു. അതുതന്നെയാണ് ചന്ദ്രശേഖരൻ വധത്തിലും. ചന്ദ്രശേഖരനെ കൊന്നതല്ല ഇവിടെ പ്രശ്നം, അതിനുമപ്പുറത്തുള്ള പ്രശ്നം കാർ വാടകയ്ക്കെടുക്കുന്നു, മാഷാ അള്ളാ എന്നെഴുതുന്നു. ലീഗ് ഓഫീസിനു മുമ്പിൽ  നിന്നു കൊല്ലുന്നു.  ഒരു നാട് കത്തിച്ചു ചാമ്പലാക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തിയിട്ടുള്ളത്. ഇന്ന് വന്നിട്ടുള്ള വാർത്തയെന്താണ്? നാൽപ്പത്തിരണ്ടോളം  കുഞ്ഞുങ്ങളുടെ

മുന്നിൽ വച്ച് ജയകൃഷ്ണൻ മാഷിനെ വെട്ടി ചതച്ചു. അതിൽ ഏഴാം പ്രതിയായ രാജീവന്റെ അമ്മയും സഹോദരിയും ഇന്ന് ലോകത്തോട് എന്താണ് വിളിച്ചുപറയുന്നത്? ഞങ്ങൾ പറയുന്നതല്ല. നിങ്ങളുടെ പാർട്ടിയുടെ നേതാക്കന്മാർ. ഏഴാം പ്രതി വിചാരണയ്ക്ക് പോകുകയാണ്. ഒരു മാസക്കാലമായി എന്റെ മകന് കരഞ്ഞ് കണ്ണുനീർ പോലും വറ്റിപ്പോയി. എന്താണ് കാര്യം. പ്രതിയാക്കി, ബിനാമിയാക്കി, നേതാക്കന്മാരെ രക്ഷപ്പെടുത്തി, വിചാരണയ്ക്ക് പോകുന്ന സന്ദർഭത്തിലാണ് കൊന്ന് തള്ളിയിട്ടത്. നിങ്ങൾ കൊന്ന് തള്ളിയവരുടെ എണ്ണം പറയാൻ പോയാൽ എത്ര മണിക്കൂർ വേണം. ഇന്ന് അമ്മയും സഹോദരിയുംകൂടി വെളിപ്പെടുത്തിയ വസ്തുതകൾ എല്ലാ മാധ്യമങ്ങളും ഇവിടെ പ്രസിദ്ധീകരിച്ചു. ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. മാറ്റം ഉൾക്കൊള്ളാൻ നിങ്ങൾക്ക് സാധിക്കണം. ഈ മാറ്റം ഉൾക്കൊള്ളുന്നില്ലെങ്കിൽ പ്രസംഗം മാത്രമായി അവസാനം ഉപ്പുവച്ച കലം പോലെ ഈ സംസ്ഥാനത്തുനിന്ന് നിങ്ങൾ തകർന്നുതരിപ്പണമായിപ്പോകും എന്ന കാര്യത്തിൽ തർക്കമില്ല. ഞങ്ങളെ ബോധ്യപ്പെടുത്തണ്ട, നിങ്ങളുടെ നേതാവ് ശ്രീ. വി.എസ് അച്ചുതാനന്ദനെ ബോധ്യപ്പെടുത്തണം. നിങ്ങളോടൊപ്പം ഉരുമ്മി നിൽക്കുന്ന സി.പി.ഐ.(എം)-നെ ബോധ്യപ്പെടുത്തണം. ഇതൊന്നും നിങ്ങൾക്ക് നാളിതുവരെ സാധിച്ചിട്ടില്ലെന്നു മാത്രമല്ല ആ അകൽച്ച പരമാവധി വീണ്ടും അകന്നുകൊണ്ടേയിരിക്കുന്നു എന്നതാണ്. ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഞാൻ വനാന്തര മേഖലയോട് ചേർന്നുകി

ടക്കുന്ന ഒരു മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളാണ്. ഒരുപാട് നല്ല കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. ഞാൻ അതിനൊക്കെ ഈ സന്ദർഭത്തിൽ നന്ദി പറയുകയാണ്. ഇവിടെ ബഹുമാന്യയായ എന്റെ സഹോദരി ഇ.എസ്. ബിജിമോൾ സൂചിപ്പിച്ചതുപോലെ കാട്ടുമൃഗങ്ങളുടെ ശല്യം കൊണ്ട് ഞങ്ങളുടെ മണ്ഡലത്തിലെ വനാതിർത്തിയിൽ വമ്പിച്ച, ദുരിതപൂർണ്ണമായിട്ടുളള അനുഭവമാണുള്ളത്. റാപ്പിഡ് ഫോഴ്സിന്റെ സഹായം ചില സന്ദർഭങ്ങളിൽ ഞങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. അങ്ങ് ഉറപ്പുനൽകിയതുപോലെ തന്നെ ദ്രുതകർമ്മ സേനയുടെ സേവനം എന്റെ മണ്ഡലത്തിൽ സ്ഥായിയായി നിലനിറുത്താനുള്ള സംവിധാനമുണ്ടാക്കണം. പന്നി കൊന്നു തള്ളിയവരുണ്ട്, അതുപോലെ ലക്ഷോപലക്ഷം രൂപയുടെ സമ്പത്ത് ആനകൾ തകർത്ത് തരിപ്പണമാക്കിയിട്ടുണ്ട്. നമുക്കറിയാവുന്നതുപോലെ നമ്മുടെ സേനയെ തിരുവോണ ദിവസം തടഞ്ഞുവച്ച് ബന്ദിയാക്കി ഞങ്ങളടക്കം പോയി ദിവസങ്ങൾ കാത്തുനിന്നാണ് മോചിപ്പിച്ചുകൊണ്ടുവന്നിട്ടുള്ളത്. എന്തുകൊണ്ടാണ് എന്നു ചോദിച്ചാൽ അവിടെ അവർ നട്ടു നനച്ചു വളർത്തിക്കൊണ്ടുവന്നിട്ടുള്ള കൃഷിഭൂമി ഒന്നിച്ചു തകർത്തു തരിപ്പണമാക്കിയാണ് കാട്ടാനയും കാട്ടുപന്നിയും മുന്നോട്ടുപോകുന്നത്. സ്ഥായിയായ ഒരു സംവിധാനം ആ രംഗത്ത് ഉണ്ടാക്കണം. അങ്ങ് കഴിഞ്ഞ ദിവസം സൗരോർജ്ജവേലിക്കുവേണ്ടി കുറച്ച് ഫണ്ട് തന്നു. പക്ഷേ അത് മതിയാകുകയില്ല. കൂടുതൽ സൗരോജ്ജവേലി കെട്ടണം,

കൂടുതൽ ജണ്ടകൾ കെട്ടണം, വനാതിർത്തിയിലുള്ള തർക്ക വിഷയങ്ങൾ പരിഹരിക്കണം, ജോയിന്റ് വെരിഫിക്കേഷൻ നടത്തിക്കൊണ്ട് വനാതിർത്തി ക്ലിപ്തപ്പെടുത്തണം. അതോടൊപ്പം ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഇ.എഫ്.എൽ. എന്നുപറയുന്ന പാരിസ്ഥിതിക-ദുർബ്ബല പ്രദേശത്തുള്ള പ്രശ്നങ്ങൾ കർഷകർക്ക് ശാപമായി മാറാതെ കർഷകരെകൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവിടെ ചർച്ച നടത്തി ആവശ്യമാണെങ്കിൽ ആ ഭൂമി വിലയ്ക്കെടുക്കാൻ സർക്കാർ തയ്യാറാകണം. ഇല്ലെങ്കിൽ കർഷകരുടെ ഈ വിവാദപരമായ വിഷയം പരിശോധിച്ച് പരിഹാരമുണ്ടാക്കുന്നതിന് അങ്ങ് തയ്യാറാകണം എന്നുകൂടി സൂചിപ്പിക്കുകയാണ്. കാട്ടുപന്നികളെ വെടിവയ്ക്കാൻ നിയമമുണ്ട്, അനുവാദം നൽകിയിട്ടുണ്ട്. പക്ഷേ സംസ്കരിക്കാൻ വമ്പിച്ച സാമ്പത്തിക ബാദ്ധ്യതയാണ്. ആ ബാദ്ധ്യത ഏറ്റെടുക്കേണ്ട കാര്യം പാവപ്പെട്ട കർഷകനില്ല. അതുകൊണ്ടുതന്നെ കർഷകന് അതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യണം എന്നുകൂടി സൂചിപ്പിക്കുകയാണ്. ഇക്കോ ടൂറിസത്തിന്റെ പറുദീസയാണ് എന്റെ പ്രദേശം. അവിടെ ഒരു ഭൗതിക സൗകര്യവുമില്ല. ആയിരക്കണക്കിനാളുകളാണ് വിദേശത്തുനിന്നും സ്വദേശത്തുനിന്നും അങ്ങോട്ട് കടന്നുവരുന്നത്. ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുമെന്ന കാര്യത്തിൽ അങ്ങ് എനിക്ക് ഉറപ്പുതന്നിരുന്നു. മലബാറിലെ ഫോറസ്റ്റ് സ്റ്റേഷന് പറ്റിയ ഏറ്റവും പ്രധാനപ്പെട്ട മേഖല എന്റേതാണ്. തിരുവമ്പാടിയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്ന

തിന് തീർച്ചയായും തീരുമാനം പ്രഖ്യാപിക്കും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. വനസേനയെ സംബന്ധിച്ചിടത്തോളം അവരുടെ സ്ഥിതി ദുരിതപൂർണ്ണമാണ്. അവർക്ക് പൊട്ടുന്ന തോക്കും ഓടുന്ന വാഹനവും കൊടുക്കണം. വനംകൊള്ളക്കാരിൽ നിന്ന് രക്ഷപ്പെടാൻ, അവർക്ക് സുരക്ഷ നൽകാൻ തീർച്ചയായും കൂടുതൽ ഫണ്ട് അനുവദിക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അങ്ങ് ആവശ്യപ്പെടണം. ധനകാര്യവകുപ്പുമന്ത്രിയും ആ തീരുമാനമെടുക്കണം. സുരക്ഷിതമായ ഒരു സേനയ്ക്ക് മാത്രമേ ഒരു നാടിനേയും ഒരു വനത്തേയും സുരക്ഷിതമായി നിലനിറുത്താൻ സാധിക്കൂ എന്നതുകൊണ്ട് ആ കാര്യം കൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. മുനീർ സാഹിബിന്റെ ഗ്രാമയാത്രയെ സംബന്ധിച്ചിടത്തോളം, മഹാനായ മഹാത്മജിയുടെ സ്വപ്നമാണ് ഗ്രാമസ്വരാജ്. എല്ലാവരുടെയും പ്രസംഗവിഷയമാണ്. നമ്മൾ എല്ലാവരും നിരന്തരമായി പ്രസംഗിക്കുന്ന കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ലോകം വീക്ഷിച്ച ജനസമ്പർക്ക പരിപാടിക്കുശേഷം ഏറ്റവും തിളക്കമുള്ള ഒരു പരിപാടി, ഈ ഗവൺമെന്റിന് അഭിമാനിക്കാൻ സാധിക്കുന്ന ഒരു പരിപാടി ഗ്രാമയാത്രയാണ്. ആ ഗ്രാമയാത്രയിലൂടെ നമ്മുടെ വിഭവങ്ങളും സംസ്കാരങ്ങളും പൈതൃകങ്ങളും അതിമഹത്തായ പാരമ്പര്യങ്ങളും നെഞ്ചോട് ചേർത്തുപിടിച്ച് മുന്നോട്ടുപോകാനും അതുവഴി തൊഴിൽ സാധ്യതകൾ ഉറപ്പുവരുത്താനും നമ്മുടെ നാടിന്റെ ഭാവി ശോഭനമായി ഉയർത്തിപ്പിടിക്കാനും ആവശ്യമായ ഇത്തരം സംവിധാനങ്ങൾ തുടർന്നും

കൊണ്ടുപോകണം എന്ന് അപേക്ഷിക്കുകയാണ്. കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം അതിന്ന് അംഗീകരിക്കപ്പെട്ടു. 38 ലക്ഷത്തിൽപ്പരം കുടുംബശ്രീ അംഗങ്ങൾ ഈ സംസ്ഥാനത്തുണ്ട്. അവശേഷിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട അർഹരായ ആളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട രൂപത്തിൽ ഈ സംവിധാനം ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം എന്നുകൂടി സൂചിപ്പിക്കുകയാണ്. തീർച്ചയായും ഊർജ്ജസ്വലരായ കർമ്മനിരതരായ ബഹുമാന്യനായ ഡോ. എം.കെ. മുനീറും ശ്രീ. കെ.ബി. ഗണേഷ്കുമാറും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ ആ ഭാഗത്തുനിന്നും പ്രതീക്ഷയോടെകൂടി നെഞ്ചോടുചേർത്തുപിടിച്ച് അഭിനന്ദിക്കേണ്ടതായിരുന്നു. അവർ തയ്യാറായിട്ടില്ല. എങ്കിൽത്തന്നെയും സഹർഷം സർവ്വാത്മനാ ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

<u>ശ്രീ. റ്റി.യു. കുരുവിള</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ ഒരുവർഷക്കാലം പഞ്ചായത്ത് സാമൂഹ്യ ക്ഷേമവകുപ്പുകൾ വളരെ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. പഞ്ചായത്തുകളെ ശക്തിപ്പെടുത്തി ഗ്രാമസ്വരാജ് നടപ്പാക്കുന്നതിന് ഈ സർക്കാർ നടത്തിയ ധീരമായ നടപടി അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ത്രിതല പഞ്ചായത്തുകളിൽ വാർഷിക പദ്ധതികൾക്ക് പകരം പഞ്ചവൽസര പദ്ധതി നടപ്പാക്കുന്നത് ഏറ്റവും വിപ്ലവകരമായ ഒരു തീരുമാനമാണ്. ത്രിതല പഞ്ചായത്തുകളിലെ വിദഗ്ദ്ധസമിതികളെ മാറ്റി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്ക് പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായ അധികാരം നൽകിയത് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുവാൻ കൂടുതൽ സഹായിക്കുന്നു. പഞ്ചായത്ത് ഭരണസമിതിക്ക് തങ്ങളുടെ നാട്ടിലെ പ്രത്യേകത പരിഗണിച്ച് സ്വാതന്ത്ര്യത്തോടെ ഫണ്ട് വിനിയോഗിക്കുന്നതിന് നൽകിയ അധികാരം ഏറ്റവും വേഗം യാഥാർത്ഥ്യമാക്കുവാൻ സാധിക്കും. അതോടൊപ്പംതന്നെ ത്രിതല പഞ്ചായത്തിലെ ഓഡിറ്റിംഗ്, അക്കൗണ്ട്സ്, മോണിറ്ററിംഗ് ഇവ കുറ്റമറ്റതാക്കിയത് അഴിമതി നിയന്ത്രിക്കുവാൻ സാധിക്കും. സാധാരണക്കാരന് കൂടുതൽ വേഗത്തിൽ സേവനം ലഭിക്കുന്നതിന് പഞ്ചായത്തുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എടുത്ത തീരുമാനത്തെ ജനങ്ങൾ സ്വാഗതം ചെയ്തുകഴിഞ്ഞു. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മണൽ നൽകുന്നതായുള്ള ആക്ഷേപം വ്യാപകമായി നിലനിൽക്കുന്നു. ആ ആക്ഷേപം പരിഹരിക്കു

ന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പഞ്ചായത്തുകൾ ജനങ്ങൾക്ക് സേവനം നൽകുന്നതിന് വലിയ വീഴ്ചകളുണ്ടാകുന്നത് തടയുന്നതിന് താലൂക്കുതല മൊബൈൽ മോണിട്ടറിംഗ് സ്ക്വാഡ് രൂപീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷക്കാലം വനം-വന്യജീവി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. കോതമംഗലത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഫോറസ്റ്റ് തടി ഡിപ്പോ, ബി.ടി.ആർ. അനുസരിച്ച് പുറംപോക്കും അതോടൊപ്പംതന്നെ ചുറ്റുപാടും ആശുപത്രിയും സ്ക്കൂളുകളുമൊക്കെയുള്ള ഈ ഭാഗത്തെ തടിഡിപ്പോ മാറ്റണമെന്നും അവിടെയുള്ള ടാർ ചെയ്ത രണ്ട് പി.ഡബ്ല്യു.ഡി. റോഡുള്ളത് നിലനിറുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഫോറസ്റ്റും മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കം ഉണ്ടാവുകയും മുനിസിപ്പാലിറ്റിയുടെ അനുവാദമില്ലാതെ മതിൽപണിതുവെന്ന കാരണത്താൽ അത് പൊളിക്കാൻ ഇടവരികയും ആ തർക്കം ഹൈപവ്വർ കമ്മിറ്റിയിൽ വരികയും ഹൈപവ്വർ കമ്മിറ്റി തീരുമാനം എടുത്ത് രണ്ട് റോഡിനും പത്ത് മീറ്റർ വീതം ഫോറസ്റ്റ് ലാന്റ് കൊടുക്കണമെന്നും അതോടൊപ്പം തന്നെ ആ തീരുമാനം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അവിടെ നിലനിൽക്കുന്ന തടി ഡിപ്പോ എത്രയും വേഗം മാറ്റണമെന്ന് തീരുമാനിച്ചിരുന്നു. അത് നടപ്പിലാകാതെ വന്നപ്പോൾ വീണ്ടും മുഖ്യമന്ത്രി അവിടെ വന്ന് സ്ഥലം കാണിച്ച് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും അദ്ദേഹത്തിന്റെ നിർദ്ദേശം അനു

സരിച്ച് ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഹൈപവ്വർ കമ്മിറ്റി കൂടുകയും ആ കമ്മിറ്റി എത്രയും വേഗം തടി ഡിപ്പോ നിർത്തണമെന്നും അതുപോലെ തന്നെ പത്ത് മീറ്റർ റോഡ് അനുവദിക്കണമെന്നും തീരുമാനം എടുത്തതാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രി ആ സ്ഥലം സന്ദർശിക്കുകയും ഈ തീരുമാനത്തോട് യോജിക്കുകയും ചെയ്തതാണ്. പക്ഷേ അവിടുത്തെ ഡി.എഫ്.ഒ. ഇന്നുവരെ അത് ചെയ്യാതെ അവിടുത്തെ ജനപ്രതിനിധികളോടും ഗവൺമെന്റിനെയും വെല്ലുവിളിച്ചുകൊണ്ട് അവിടെ തടി ഇപ്പോഴും ഇറക്കി കൊണ്ടിരിക്കുകയാണ്. ഇത് ഒരിക്കലും നിതീകരിക്കാവുന്നതല്ല. അവിടുത്തെ എല്ലാ ജനപ്രതിനിധികളും എം.എൽ.എ.യും മുനിസിപ്പൽ ചെയർമാനും ഉൾപ്പെടെയുള്ളവർ  ഈ നിയമസഭാ സെഷൻ തീരുന്നതിനുമുമ്പ് ഒരു തീരുമാനം ഉണ്ടാക്കിയില്ലെങ്കിൽ നിരാഹാര സത്യാഗ്രഹത്തിലേയ്ക്ക് നീങ്ങുന്നതിനുള്ള തീരുമാനങ്ങളിലേയ്ക്ക് പോവുകയാണ്. ഞങ്ങളെക്കൊണ്ട് അത് ചെയ്യിക്കരുത്. ഇത് പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്, ഒരു ഡി.എഫ്.ഒ.യുടെ പിടിവാശിയാണത്. വിശദമായി പഠിച്ചതിനുശേഷം അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുട്ടംപുഴയിൽ 70 ആദിവാസികൾ മൃഗങ്ങളുടെ ശല്യംകൊണ്ട് വീടും സ്ഥലവും ഉപേക്ഷിച്ച് കണ്ടംപാറ എന്ന സ്ഥലത്ത് വന്നു കുടിൽകെട്ടി സുരക്ഷിതമല്ലാത്ത സ്ഥലത്ത് മൂന്നു വർഷമായി താമസിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് ചുള്ളിപവൻ എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എത്രയും വേഗം അനുവദിക്കണം,

ഈയിടെ ബഹുമാനപ്പെട്ട മന്ത്രി വന്നു സ്ഥലം സന്ദർശിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടന്നതാണ്. ഇതുവരെ അതിനൊരു തീരുമാനം ഉണ്ടായിട്ടില്ല. അവരുടെ ദയനീയാവസ്ഥ കണ്ടാൽ ആർക്കും വേദനാജനകമാണ്. അവർക്ക് എത്രയും വേഗം ആ സ്ഥലം കണ്ടെത്തി കൊടുക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. ആദിവാസികൾ മൃഗങ്ങളുടെയും മറ്റും ശല്യംകാരണം നിവൃത്തിയില്ലാതെ ജീവൻ രക്ഷയ്ക്കുവേണ്ടിയാണ് താഴത്തേയ്ക്ക് മാറുന്നത്. അവരെ വനാവകാശ നിയമം അനുസരിച്ച് കുടിയിരുത്തേണ്ട ബാധ്യത ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനുണ്ട്. ഇതുവരെ മൂന്നു വർഷമായിട്ട് അത് നടന്നിട്ടില്ലായെന്നു പറയുന്നത് ഖേദകരമാണ്. അവിടുന്ന് മാറി കൊടുത്താൽ വേറെ എവിടെയെങ്കിലും സ്ഥലം കൊടുക്കാമെന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തന്നെ പറയുന്നുണ്ട്. പക്ഷേ അവർ കൊടുക്കുകയില്ല. അവരെ ഇങ്ങനെ ഉപദ്രവിക്കുന്ന പ്രവണതയാണ് കാണിക്കുന്നത്. അത് ശരിയല്ല. ആദിവാസികളുടെ ഈ ദുരിതം പോയി കണ്ടിട്ടുള്ള ആർക്കും വേദനയുണ്ടാക്കുന്ന ഒരു സംഭവമാണ്. അതുകൊണ്ട് എത്രയും വേഗം അവർക്ക് സ്ഥലം കണ്ടെത്തിക്കൊടുക്കണം. അതിനുവേണ്ടതായ എല്ലാ നടപടികളും സ്വീകരിക്കണം. കഴിഞ്ഞ രണ്ടാം തീയതി ബഹുമാനപ്പെട്ട മന്ത്രി കുമാരി പി.കെ. ജയലക്ഷ്മി അവിടെ സന്ദർശിച്ചതാണ്. അവരോട് വാക്ക് കൊടുത്തിട്ടുള്ളതുമാണ്. അത് പാലിക്കപ്പെടണം എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം കൂടി പറഞ്ഞു

കൊണ്ട് നിറുത്താം. ഞങ്ങൾ ജനപ്രതിനിധികളെ ബഹുമാനപ്പെട്ട മന്ത്രി വിശ്വാസത്തിൽ എടുക്കണമെന്ന് പറയുകയാണ്. ചേല രാജാക്കന്മാർ താമസിച്ചിരുന്ന ചേലമല എന്ന സ്ഥലത്ത് അവർ പണിത കോട്ടകൾ, കുടങ്ങൾ അതുപോലെ തന്നെ വലിയ വാർപ്പുപോലെയുള്ള പുരാവസ്തുസാധനങ്ങൾ അങ്ങനെ പലതും ഞങ്ങളൊക്കെ പോയി കണ്ടിട്ടുള്ളതാണ്. ഇപ്പോൾ അതൊക്കെ കാട് പിടിച്ച് കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ആ പ്രദേശം സന്ദർശിച്ച സമയത്ത്, ഭൂതത്താൻകെട്ടിൽ വന്നപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തതാണ്. പക്ഷേ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കാട്ടിൽ കയറുകയില്ല. വലിയ കാട്ടിലേയ്ക്ക് കയറുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ടായിരിക്കും കാട് കാണാതെ അവിടെ ഒന്നും ഇല്ലായെന്ന് റിപ്പോർട്ട് എഴുതി കൊടുത്തത്. ഞാൻ വെല്ലുവിളിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി വന്നാൽ ഞാൻ കാണിച്ചു കൊടുക്കാം. അപ്പോൾ ഞങ്ങളേപ്പോലെയുള്ളവരെ വിശ്വാസത്തിലെടുക്കണം. ഉദ്യോഗസ്ഥന്മാരെ മാത്രം വിശ്വാസത്തിലെടുത്താൽ പോര. ബഹുമാനപ്പെട്ട മന്ത്രി വന്നു ബോദ്ധ്യപ്പെട്ടതിനുശേഷം ഇത് റിപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണമെന്നുകൂടി അപേക്ഷിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. ജോസ് തെറ്റയിൽ : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് ഇത് കഷ്ടകാലമാണെന്ന് തോന്നുന്നു. കാരണം ഞങ്ങളുടെ മുൻഗതാഗതമന്ത്രിക്ക് ഇപ്പോൾ എന്തുപറ്റിയെന്നറിയില്ല. വല്ലാതെ ഒതുങ്ങിക്കൂടേണ്ടി വന്ന ഒരു കാലമാണ്. നമ്മുടെ നാട്ടിൽ സാധാരണ പറയാറുണ്ട്, അടി കൊള്ളണമെങ്കിൽ മോതിരമിട്ട കൈ കൊണ്ട് അടികൊള്ളണമെന്ന്. മോതിരമിട്ട കൈകൊണ്ട് അടി കൊള്ളണമെന്നാണ് നമ്മുടെ നാട്ടിൽ പറയാറുള്ളത്. ഇന്ന് അദ്ദേഹം കൊണ്ടിരിക്കുന്ന അടി മോതിരമിട്ടതാണോ അല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാ. ശ്രീ.പി.സി. ജോർജ് തിമിർത്ത് ഇപ്പോൾ മീഡിയാക്കാരോട് പറഞ്ഞത് ടി.വി.യിൽ വന്നുകൊണ്ടിരിക്കുകയാണ്. ഇത് എന്ത് കഷ്ടകാലമാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് വന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്തായാലും അങ്ങനെ ഉണ്ടാകാതെയിരിക്കട്ടെയെന്നാണ് എന്റെ ആഗ്രഹം. കാരണം അദ്ദേഹത്തെക്കുറിച്ച് പല പ്രതീക്ഷകളുമുള്ളതാണ് ഞങ്ങൾക്ക്. ഞാൻ വിഷയത്തിലേയ്ക്ക് വരാം. പ്രപഞ്ചോല്പത്തിയെക്കുറിച്ച് സർവ്വ വേദപുസ്തകങ്ങളും പ്രതിപാദിക്കുമ്പോൾ പ്രകൃതിയുടെ സർവ്വോൽകൃഷ്ടതയും അതിന്റെ വികാസക്രമവും നിയതമായി കാണുന്നുണ്ടെല്ലാത്തിലും. മനുഷ്യൻ പരസ്പര ബഹുമാനം ഉപേക്ഷിച്ച് അഹങ്കാരം പ്രകടിപ്പിക്കുമ്പോഴാണ് പ്രകൃതിയുടെ സംഹാരം സംഭവിക്കുന്നതെന്ന് വേദങ്ങൾ പ്രസ്താവിക്കുന്നു. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഏറ്റവും സമ്പന്നമായ ജൈവവൈവിദ്ധ്യ മേഖലകളിലൊന്നാണ് പശ്ചിമഘട്ടം. കാലാവസ്ഥ പരി

സ്ഥിതി വൈവിദ്ധ്യസംരക്ഷണത്തിൽ അതിപ്രധാനമായ സ്ഥാനമാണ് പശ്ചിമഘട്ടനിരകൾക്കുള്ളത്. മഹാകവി വള്ളത്തോൾ പാടിയ–

"പച്ചയാംവിരിപ്പിട്ട സഹ്യനിൽ തലവെച്ചും

സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപദാനംപൂണ്ടും"

എന്നുള്ള അദ്ദേഹത്തിന്റെ കവിത കേരളത്തെ കണ്ടുകൊണ്ടുതന്നെയാണ്. പക്ഷേ കേരളത്തിന്റെ ഫലഭൂയിഷ്ടതയും ഐശ്വര്യവും എല്ലാം തന്നെ പ്രതിപാദിച്ചുകൊണ്ടാണ് അദ്ദേഹം പാടിയിട്ടുള്ളത്. ഉദാരവൽക്കരണത്തിന്റെയും പുത്തൻ സാമ്പത്തിക നയങ്ങളുടെയും കുത്തിയൊഴുക്കിൽ വൻതോതിലുള്ള വനവിഭവ ചൂഷണത്തിനും പരിസ്ഥിതി നാശത്തിനുമിരയായി മാറിയിരിക്കുകയാണ് ഈ പശ്ചിമഘട്ടം. ഈ പ്രദേശത്തെക്കുറിച്ചുള്ള പ്രൊഫസർ മാധവ് ഗാഡ്ഗിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ഈ അടുത്ത കാലത്ത് ഡൽഹി ഹൈക്കോടതിയുടെ ഇടപെടൽകൊണ്ട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഏറെ ശ്രദ്ധേയമായ റിപ്പോർട്ടിനെക്കുറിച്ചും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയാൻ താല്പര്യമുണ്ട്. വനം കേസ്സുകളെക്കുറിച്ച് ഇന്ന് അടിയന്തര പ്രമേയം വന്നു. വനം കേസ്സുകളുടെ നടത്തിപ്പ് വളരെ വിവാദമായിരിക്കുകയാണ്. 1996–2001 കാലഘട്ടത്തിൽ ഞാൻ വനം വകുപ്പിന്റെ കേസ്സുകൾ കൈകാര്യം ചെയ്തിരുന്ന സർക്കാരിന്റെ വക്കീൽകൂടിയായിരുന്നു. അന്നുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്ന് വ്യത്യസ്തമായി ഇന്ന് ഉദ്യോഗസ്ഥന്മാർ ആത്മാർത്ഥതയില്ലാത്തവ

രായി വന്നുകഴിഞ്ഞിരിക്കുകയാണ്. ആത്മാർത്ഥതയില്ലാത്ത ഒരു സ്ഥിതിയിലാണ് ഇന്ന് ഉദ്യോഗസ്ഥന്മാർ. കേസ് തോൽക്കുന്നതിനുവേണ്ടിയുള്ള പോയിന്റുകൾ കക്ഷികൾക്ക്, പരാതിക്കാർക്ക് കൊടുക്കുന്നത് ഉദ്യോഗസ്ഥന്മാരാണ്. ഉദ്യോഗസ്ഥന്മാർ കൊടുക്കുകയും അതുപോലെ തന്നെ ഇപ്പോൾ ഗവൺമെന്റ് പ്ലീഡർമാരായിട്ട് വരുന്ന ആളുകൾ പലപ്പോഴും പല പരിഗണനകളുടെ അടിസ്ഥാനത്തിലും ശുപാർശയുടെ അടിസ്ഥാനത്തിലും വരുന്നവരാണ്. കഴിവ് നോക്കുന്ന പ്രശ്നമേ ഉണ്ടായിട്ടില്ല. ആത്മാർത്ഥതയില്ലാത്ത വകുപ്പു ഉദ്യോഗസ്ഥന്മാരും അത്യാർത്തി പൂണ്ട ഗവൺമെന്റ് പ്ലീഡർമാരും വ്യവഹാരികളുടെ വലയിൽ കുടുങ്ങുമ്പോഴാണ് വനം കേസ്സുകൾ ഭൂരിപക്ഷവും തോൽക്കുന്നത്. അതിനൊക്കെത്തന്നെ ഒരു രാഷ്ട്രീയ ഇച്ഛാശക്തി വേണം. അത് പ്രകടിപ്പിക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ കേസ്സുകൾ പരാജയപ്പെടുന്നത്. ഫോറസ്റ്റ് ട്രിബ്യൂണൽ മുതൽ ഈ കേസ് നടത്തിപ്പിനെക്കുറിച്ച് അന്വേഷിക്കണം. ഫോറസ്റ്റ് ട്രിബ്യൂണലിൽ കൊടുക്കുന്ന സ്റ്റേറ്റുമെന്റുകൾ പോലും അത്തരത്തിൽ വരുമ്പോൾ അതിൽ നോക്കാതെയാണ് കൊടുക്കുന്നത്. ഫോറസ്റ്റ് ട്രിബ്യൂണൽ കേസ് തോറ്റ് ഹൈക്കോടതിയിൽ വന്നാലും സുപ്രീം കോടതിയിൽ വന്നാലും കാര്യമില്ല. സ്റ്റേറ്റ്മെന്റ് കൊടുക്കുമ്പോൾ പലപ്പോഴും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ പോവുകയാണ്. പ്രൊഫഷണൽ എത്തിക്സ് നോക്കാത്ത അത്തരത്തിലുള്ള ഗവൺമെന്റ് പ്ലീഡർമാരും സാമ്പത്തികമായ നേട്ടത്തിനുവേണ്ടി ശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാരും അതി

നെക്കാൾ ഉപരിയായി രാഷ്ട്രീയ നേതൃത്വം കൊടുക്കുന്ന നമ്മുടെ ആളുകളും എല്ലാംതന്നെ കൂടുമ്പോഴാണ് വനം കേസ്സുകൾ പരാജയപ്പെടുന്നത്. ഇതിനുവേണ്ടി ഒരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഒരു മോണിട്ടറിംഗ് സംസ്ഥാനാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയെങ്കിൽ മാത്രമേ കേസ്സുകൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളു. മാൻ-അനിമൽ കോൺഫ്ളിക്ട്, നേരത്തെ ശ്രീ. സി. മോയിൻ കുട്ടി പറഞ്ഞ കാര്യം തന്നെയാണ്. ചുരുങ്ങി വരുന്ന വനവിസ്തൃതി, വർദ്ധിച്ചു വരുന്ന മൃഗസമ്പത്ത് ഇത് രണ്ടുമാണ് ഇത്തരത്തിലുള്ള പുതിയ പ്രശ്നങ്ങൾ. ഇതിനിരയായവരുടെ എണ്ണം നിരവധിയായി കൂടിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ കഴിഞ്ഞയാഴ്ച അയ്യമ്പുഴ പഞ്ചായത്തിൽ പല പ്രാവശ്യം കാട്ടാനക്കൂട്ടം ശല്യം ചെയ്യുകയുണ്ടായി. മലയാറ്റൂർ പഞ്ചായത്തിലും അതുപോലെ തന്നെയാണ്. ആനത്താരയുള്ളതും മണവും പിണവും എല്ലാം ഉദ്യോഗസ്ഥൻമാർക്ക് പറഞ്ഞുകൊടുക്കുന്നതിന് ഞങ്ങളുടെ നാട്ടിലുണ്ടായിരുന്ന ഒരു വാച്ചറെ കഴിഞ്ഞ ദിവസം ആന ചവിട്ടിക്കൊന്നു. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്കും വനം വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ഏറ്റവും നല്ല സഹായം ചെയ്യുന്ന ആളായിരുന്ന സുബ്രഹ്മണ്യൻ മുപ്പത് വർഷക്കാലമായി വാച്ചറായി ജീവിക്കുകയായിരുന്നു. വനത്തിൽ താമസിക്കുന്നതിനിടയിലാണ് ആന ചവിട്ടി അദ്ദേഹത്തിന് മരണമടയാൻ ഇടവന്നത്. അദ്ദേഹത്തിന്റെ കുടുംബത്തിന് മൂന്ന് ലക്ഷം രൂപ കൊടുത്തിട്ടുണ്ടെങ്കിലും അത് പോര. അത് വർദ്ധിപ്പിച്ച് നൽക

ണമെന്ന് അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല ആശ്രിതന് ജോലി നൽകുന്ന കാര്യവും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് ഫോറസ്റ്റ് ടൂറിസമാണ്. ഫോറസ്റ്റ് ടൂറിസമെന്ന് പറയുമ്പോൾ വനസൗഹൃദവും വന വൽക്കരണത്തിനും പ്രേരകമായ രീതിയിൽ ഫോറസ്റ്റ് ടൂറിസം വികസിപ്പി ച്ചെടുക്കേണ്ടതിന് പകരം ഇത് വിസ്തൃതമാക്കുകയാണ്. കേരളത്തിലെ നിരവധി സ്ഥലങ്ങളിൽ ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ച് കൂടുതൽ ആളു കളെ വനങ്ങളിലേയ്ക്ക് ആകർഷിക്കുകയാണ് വേണ്ടത്. ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചുകൊണ്ട് വേണം ഇത്തരത്തിൽ പ്രവർത്തിക്കാൻ. ഇന്നിപ്പോൾ ടൂറിസം ഡിപ്പാർട്ടുമെന്റുമായുള്ള സഹക രണം കുറവാണ്. രണ്ടു കൂട്ടരുടെയും ഈഗോ, ഇക്കാര്യത്തിൽ പുതിയ തായി ആളുകളെ കൊണ്ടുവരുന്നതിനോ എക്കോ ടൂറിസം ഡെവലപ് ചെയ്യുന്നതിനോ സാധ്യമല്ലാത്ത രീതിയിലാണ്. വനത്തിൽ വരുന്നവരെല്ലാ വരും കൊള്ളയടിക്കാനാണെന്ന ധാരണ ശരിയല്ല. വനം തങ്ങളുടെ സംര ക്ഷണത്തിനാണെന്നും തങ്ങൾ വനം സംരക്ഷിക്കേണ്ടവരാണെന്നും തോന്നലുണ്ടെങ്കിൽ മാത്രമേ, ആ ഒരു അവബോധം ഉണ്ടാക്കിയാൽ മാത്രമേ വനം നിലനിൽക്കുകയുള്ളു. ഞങ്ങളുടെ നാട്ടിൽ പെരിയാ റിന്റെയും ചാലക്കുടി പുഴയുടേയും ഇടയിലാണ് എന്റെ നിയോജകമ ണ്ഡലമായ അങ്കമാലി. അവിടെ രണ്ട് ഫോറസ്റ്റ് ഡിവിഷനുകളാണ്. ഒന്ന് മലയാറ്റൂരും മറ്റൊന്ന് വാഴച്ചാലും. ഇതിനിടയിലുള്ള ഈ പ്രദേശത്ത് നിര വധി സ്ഥലങ്ങളുണ്ട്. മഹാഗണി തോട്ടം അതുപോലെ തൊട്ടടുത്തുള്ള

മുളങ്കുഴി, അതിനപ്പുറത്ത് പെരുമ്പാവൂർ നിയോജകമണ്ഡലത്തിലുള്ള അഭയാരണ്യം. അതുപോലെ കോടനാട് ആനക്കൊട്ടിൽ, ചാലക്കുടിപ്പുഴ യുടെ വടക്ക് ഭാഗത്തുള്ള അതിരപ്പിള്ളി, ഏഴാറ്റുമൂകം, തുമ്പൂർമൂഴി തുടങ്ങിയ പ്രദേശങ്ങളൊന്നും എക്കോ ടൂറിസവുമായി ബന്ധപ്പെട്ട്, ഫോറ സ്റ്റിലെ ടൂറിസവുമായി ബന്ധപ്പെട്ട്, ഒന്നും ചെയ്യുന്നില്ല. സ്ഥിരമായി നമ്മൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. അവിടെ മലയാറ്റൂർ പ്രദേശത്തുള്ള മഹാഗണി തോട്ട ത്തിൽ സുപ്രസിദ്ധ സിനിമാതാരം കൂടിയായിട്ടുള്ള മന്ത്രിയോട് പറയുക യാണ്. നിരവധി സിനിമാ നടൻമാർ അവിടെ വന്ന് അഭിനയിച്ചുപോകു ന്ന, ഷാരൂഖ് ഖാനും ഐശ്വര്യാ റായിയും പലപ്പോഴും അവിടെ വന്ന് ഷൂട്ടിംഗ് നടത്തിപ്പോകുകയാണ്. അത്തരത്തിൽ ബോളിവുഡിലെ ആളു കൾ ഇത് ഉപയോഗിക്കുമ്പോൾ മോളീവുഡ്ഡിലെ ആളുകൾ  ഇതിനെക്കു റിച്ച് അന്വേഷിക്കുന്നുമില്ല അറിയുന്നുമില്ല. സാമൂഹ്യ വനവൽക്കരണം ധൂർത്തുപോലെയായിരിക്കുകയാണ്. ഇത്രയും കാലം നമ്മുടെ നാട്ടിൽ നടത്തിയിട്ടുള്ള സാമൂഹ്യ വനവൽക്കരണത്തിന്റെ തുകയും വൃക്ഷങ്ങ ളുടെ എണ്ണവും നോക്കിയാൽ ഇന്ന് കേരളം മാത്രം പോര കർണ്ണാടകയും കൂടി വനത്തിൽ ആയാൽ പോലും തികയാത്ത സ്ഥിതിയാണ്. മഹാനായ നബി പറഞ്ഞിട്ടുണ്ട്, ‘നാളെ ലോകം അവസാനിക്കും എന്നറിഞ്ഞാൽ പോലും ഇന്ന് ഒരു വൃക്ഷത്തൈ നടാൻ സാധിച്ചാൽ അതായിരിക്കും ഏറ്റവും നന്മ നിറഞ്ഞ പ്രവർത്തി’ എന്ന്. അതെങ്കിലും കണക്കിലെടുത്ത്

ഫലപ്രദമായ രീതിയിൽ നടത്താൻവേണ്ടി ശ്രമിക്കുന്നില്ല. പത്രങ്ങളിലും ടി.വി. യിലും പടം വരാൻ വേണ്ടി ഇതൊരു ചടങ്ങായി മാത്രം സാമൂഹ്യ വനവൽക്കരണം അധ:പതിക്കാതെ ഇക്കാര്യത്തിൽ മുന്നോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തുകൾ സ്വയംഭരണാവകാശമുള്ള പ്രാദേശിക സർക്കാരുകളാണ്. പക്ഷെ ഒന്നും ഇപ്പോൾ ചെയ്യാൻ കഴിയുന്നില്ല. മാലിന്യ സംസ്കരണം തന്നെ ഉൽഭവസ്ഥാനത്ത് സംസ്കരിച്ചുകൊണ്ട് ഒരു സംസ്കാരം ഉണ്ടാക്കേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തുകളിൽ ഇപ്പോൾ അഴിമതിയുടെ വികേന്ദ്രീകരണം കൂടിയുണ്ട്. അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവർ കേൾക്കുന്നത് പണ്ടൊക്കെ അറുപത് കോടി രൂപയുടെ ബോഫോഴ്സ് കുംഭകോണത്തെക്കുറിച്ചാണെങ്കിൽ ഒരു കോടി എഴുപത്തിമൂന്ന് ലക്ഷം രൂപയുടെ അഴിമതിയെക്കുറിച്ചാണ് ഇപ്പോൾ കേൾക്കുന്നത്. അഴിമതി ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഭരണം നടത്തുന്നതിന് വേണ്ടിയുള്ള തീവ്രമായ ശ്രമം നടത്തണമെന്ന് പറഞ്ഞുകൊണ്ടും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്താത്തതുകൊണ്ടും ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പ്രതിപക്ഷത്തിന്റെ പ്രധാന ദൗത്യം ഇത്തരത്തിലുള്ള തെറ്റായ ഡിമാന്റുകളെ എതിർക്കുക എന്നുള്ളതാണ്. പക്ഷേ ഭരണപക്ഷത്തുള്ള ഒരാൾ ബഹുമാന്യനായ വനം വകുപ്പുമന്ത്രിയെ ഇന്ന് അതിശക്തമായി,.......നല്ല ഒളിയമ്പാണ് അദ്ദേഹത്തിന്റെ നെഞ്ചത്തേയ്ക്ക് നേരിട്ട് എറിഞ്ഞ് വിട്ടത്. ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് ഇന്ന് പത്രസമ്മേളനം നടത്തി ചില കാര്യങ്ങൾ വനം വകുപ്പുമന്ത്രിയോട് പറയുകയാണ്. *********[1] ഈ വിവരം സംബന്ധിച്ച് മുഖ്യമന്ത്രിക്കും ശ്രീ. കെ. എം. മാണിക്കും ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കും പരാതി നേരിട്ട് കൊടുത്തിട്ടുണ്ട്. കെ.പി.സി.സി പ്രസിഡന്റ് ഡൽഹിയിലാണ്. അവിടെ ഫോൺ വിളിച്ച് വനം വകുപ്പുമന്ത്രിയെ അടിയന്തിരമായി മാറ്റണമെന്ന് ശ്രീ. പി.സി. ജോർജ് പറഞ്ഞു. യു.ഡി.എഫ്. കൺവീനർക്ക് പരാതി കൊടുക്കാനിരിക്കുകയാണ്. ഞങ്ങൾ ഡിമാന്റുകളെ എതിർക്കുന്നവരാണ്. അദ്ദേഹം പറയണം, അല്ലെങ്കിൽ വനം വകുപ്പുമന്ത്രി പറയണം നിങ്ങളുടെ കൂട്ടുത്തരവാദിത്വം ഇല്ലാത്തതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്നിപ്പോൾ സഭയിൽ കാണാൻ കഴിഞ്ഞത്. രാവിലെ അതല്ലേ കണ്ടത്? അടിയന്തരപ്രമേയം കഴിഞ്ഞ് ഞങ്ങൾ വാക്കൗട്ട് നടത്തിയപ്പോൾ ഉടനെ ഇവിടുന്ന് എഴുന്നേറ്റ് ********* എന്തൊരു ഭരണമാണ് ഇവിടെ നടക്കുന്നത്; ഇത് ഭര

***** സഭാരേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്

ണമാണോ? യു.ഡി.എഫ്.-കാർ വിവരം അറിയുമെന്നാണ് പറഞ്ഞത്. ...........(ബഹളം)............

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോനാണല്ലോ പറയുന്നത് എന്ന് വിചാരിച്ചാണ് ഞാൻ ഇത്രയും സമയം മിണ്ടാതിരുന്നത്. വസ്തുതാവിരുദ്ധമായി, *********.[2] ഇതുപോലുള്ള വസ്തുതാവിരുദ്ധമായ കാര്യങ്ങൾ സഭയിൽ പറയുന്നത് ഓർഡറിലാണോ? റൂൾ 307 പ്രകരം ഇത് എക്സ്പഞ്ച് ചെയ്യണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്.

മി. ചെയർമാൻ: അത് പരിശോധിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ബഹുമാന്യനായ മന്ത്രി തന്നെ അടുത്ത് മറുപടി പറയും. ഞാൻ മറുപടി പറയുന്നില്ല. ഞാൻ ഇതിനൊന്നും മറുപടി പറയാൻ ആളല്ല. അദ്ദേഹം വലിയ സീനിയർ മെമ്പറാണ്, എന്നേക്കാൾ പത്തിരുപത് വർഷത്തിനുമുൻപ് സഭയിൽ വന്നതാണ്. ഞാൻ വന്നിട്ട് പത്തുപന്ത്രണ്ട് വർഷമല്ലേ ആയുള്ളു. ഞാൻ അദ്ദേഹത്തിനെ എതിർക്കുന്ന ആളുമല്ല. ഈ ബഞ്ചിൽ കുറേനാൾ അദ്ദേഹം ഇരുന്നതാണ്. പക്ഷേ പറഞ്ഞ കാര്യങ്ങൾ സഭയിൽ കള്ളം പറയരുത്. വീഡിയോ ക്ലിപ്പിംഗ് പരിശോധിച്ചു നോക്കണം. അദ്ദേഹം പത്രസമ്മേളനം നടത്തിയ കാര്യങ്ങളാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. അത് പരിശോധിക്കപ്പെടണമല്ലോ.

---

[2] ***** സഭാരേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്

ശ്രീ. പി.സി. ജോർജ്: സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞത് ******* ഞാൻ പറഞ്ഞെന്നാണ്. അങ്ങനെ പറഞ്ഞില്ലെങ്കിൽ ശ്രീ കോവൂർ കുഞ്ഞുമോൻ എന്ത് ശിക്ഷ അനുഭവിക്കും? ഞാൻ അങ്ങനെ പറഞ്ഞില്ല. ......(ബഹളം).........എനിക്ക് പറയാനുള്ളത് ഇഷ്ടംപോലെ പറയും. ശ്രീ. വി. എസ്. സുനിൽ കുമാറിനോട് പറയാം, എനിക്ക് ബോധ്യമുള്ള കാര്യം ആരുടെ മുഖത്ത് നോക്കി എന്ത് പറയണമോ, അത് ഞാൻ പറയും. ഒരു സംശയവും വേണ്ട. ......(ബഹളം)....... കുഞ്ഞുമോന് ധൈര്യമുണ്ടോ; ********* ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. അത് പറഞ്ഞെന്ന് കുഞ്ഞുമോൻ പറയുന്നു. **********ശ്രീ. കോവൂർ കുഞ്ഞുമോൻ എന്ത് ശിക്ഷയാണ് അനുഭവിക്കുന്നത്. ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞതാണ് ശരിയെ ങ്കിൽ കുഞ്ഞുമോൻ പറയുന്ന ശിക്ഷ ഞാനും അനുഭവിക്കാം. തയ്യാ റുണ്ടോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഞാൻ ഖണ്ഡിക്കുന്നില്ല. ഞാൻ ഒരു വിവാദത്തിലേയ്ക്കില്ല കാരണം ഇത് അവർ തമ്മിൽ തീർക്കും. ഞാൻ പറഞ്ഞുവന്നത് കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവൺമെന്റായി ഒരു വർഷം പിന്നിട്ടപ്പോൾ മാറിയിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി പല മണ്ഡലങ്ങളിലും നല്ല പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഹരിതവനം സംരക്ഷിക്കുന്നതോടൊപ്പം അത് സംരക്ഷിക്കപ്പെടുന്ന വനപാ ലകരുടെ ജീവിതം വളരെ ബുദ്ധിമുട്ടിലും പ്രയാസത്തിലുമാണ്. ഇവിടെ ബഹുമാനപ്പെട്ട ഒരു എം.എൽ.എ. സൂചിപ്പിച്ചതുപോലെ അവർക്ക്

ആയുധം കൊടുക്കണം. തോക്ക്, വലിയ ടോർച്ച്, ലാത്തി മുതലായവ അവർക്ക് കൊടുക്കണം. ഇതൊന്നും അവർക്ക് കൊടുക്കുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

ശ്രീ. രാജു എബ്രഹാം : ചീഫ് വിപ്പിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. ഭരണകക്ഷി എം.എൽ.എ. ആയ ശ്രീ. റ്റി.യു. കുരുവിള പറഞ്ഞത് അദ്ദേഹം മന്ത്രിയെ പ്രതിഷേധിച്ചുകൊണ്ട് നിരാഹാര സത്യാഗ്രഹം ആരംഭിക്കാൻ പോകുകയാണ് എന്നാണ്. ചെറിയ കാര്യമല്ല. ആ ഡേറ്റുകൂടി പ്രഖ്യാപിച്ചാൽ മതി. അത് സംബന്ധിച്ച് അങ്ങയുടെ അഭി പ്രായം എന്താണ്?

മി. ചെയർമാൻ: ശ്രീ. കുഞ്ഞുമോൻ, വഴങ്ങണ്ട. സമയം കഴിഞ്ഞു. പ്ലീസ് ......

ശ്രീ. കോവൂർ കുഞ്ഞുമോൻ : ശാസ്താംകോട്ട തടാകത്തിന്റെ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് ബഹുമാന്യനായ..........

ശ്രീ. മോൻസ് ജോസഫ് : ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ശ്രീ. രാജു എബ്രഹാം ഇപ്പോൾ നടത്തിയ പ്രസ്താ വന സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട റ്റി.യു. കുരുവിള ഇവിടെ പ്രസംഗിച്ചപ്പോൾ മന്ത്രിയുടെ നടപടിക്കെതിരായി അദ്ദേഹം സത്യ ഗ്രഹം ആരംഭിക്കുമെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞിട്ടുള്ളത്, ഒരു ഉദ്യോഗസ്ഥൻ കാണിച്ചിട്ടുള്ള വീഴ്ചയ്ക്കെതിരായി നടപടിയെടുക്കാൻ തയ്യാറാകുന്ന സാഹചര്യം ഉണ്ടാകണം, ആ ഉദ്യോഗസ്ഥന്റെ പേരിലുള്ള

നടപടിയോടൊപ്പംതന്നെ ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ മുഴുവൻ അവിടെ സത്യാഗ്രഹമിരിക്കാൻ ആഗ്രഹിക്കുന്നു, എം.എൽ.എ. എന്ന നിലയിൽ അതിന് നേതൃത്വം കൊടുക്കും എന്നാണ്. അത് മന്ത്രിക്ക് എതിരായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

ശ്രീ. റ്റി.യു. കുരുവിള : ഞാൻ പറഞ്ഞത് 'നടപ്പാക്കിയില്ലെങ്കിൽ' എന്നാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : എനിക്ക് സമയം വേണം. അവർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ശാസ്താംകോട്ട തടാകത്തിന്റെ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് അങ്ങ് അവിടെ നേരിട്ടുവന്നുകണ്ടതാണ്. വൃഷ്ടി പ്രദേശത്ത് വനം വച്ചുപിടിപ്പിക്കേണ്ടതും ഔഷധ ഗുണമുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും അനിവാര്യമാണ്. അങ്ങ് കുറച്ച് സസ്യങ്ങൾ തരാമെന്ന് പറഞ്ഞു. പക്ഷേ ഇതുവരെ അത് തന്നിട്ടില്ല. അംഗൻവാടിയെ സംബന്ധിച്ച് ഒരു കാര്യം കൂടി പറയാനുണ്ട്. നമ്മുടെ സംസ്ഥാനത്ത് 33,115 അംഗൻവാടികളും 219 മിനി അംഗൻവാടികളുമുണ്ട്. അവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. അങ്ങ് ഒരു നിയോജകമണ്ഡലത്തിൽ മാതൃകാ അംഗൻവാടി പണിയുമെന്ന് പറഞ്ഞു. പത്ത് സെന്റ് ഭൂമിയില്ലാത്തിടത്ത് എങ്ങനെയാണ് ഇത് പണിയുന്നത്? അതുകൊണ്ട് അതിനുള്ള നടപടികളുണ്ടാകണം. യു.ഡി.എഫ്-ന്റെ ഭരണം വരുമ്പോൾ ലീഗുകാർ ഇവിടെ പച്ചമയമാക്കാനാണ് ശ്രമിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമ

ന്ത്രിയുടെ ഓഫീസിൽ ചെന്നാൽ എല്ലാം പച്ചയാണെന്ന് കാണാൻ സാധിക്കും. കർട്ടൻ, മേശ, കസേര, പേന, വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടുന്ന ഷർട്ട് തുടങ്ങി സർവ്വത്രയും പച്ചയാക്കുകയാണ്. ഞാൻ ഇന്നലെ തിരുവനന്തപുരം പട്ടണത്തിലൂടെ നടന്നപ്പോൾ പോത്തീസിലും കല്യാണിലും രാമചന്ദ്രാനിലും പാർത്ഥാസിലുമൊക്കെ വലിയ തിരക്ക് കാണുകയുണ്ടായി. അവിടെ അംഗൻവാടി അദ്ധ്യാപകരുടേയും  ടീച്ചർമാരുടേയും തിരക്കാണ്. ഞാൻ അന്വേഷിച്ചപ്പോൾ അറിഞ്ഞത് ടീച്ചർമാർ പച്ച ബ്ലൗസും പച്ച സാരിയും ഉടുക്കണം, അദ്ധ്യാപകർ പച്ച ഷർട്ടും പച്ച മുണ്ടും ധരിക്കണം അതുകൊണ്ടുണ്ടായതാണ്. ഇതാണ് ഇപ്പോൾ നടക്കുന്നത്. അംഗൻവാടി ജീവനക്കാർക്കും ഇപ്പോൾ പച്ചയിടണമെന്നാണ് പറയുന്നത്. സാരി, ബ്ലൗസ്, എംബ്രോയിഡറി, കമ്മൽ, മാല, ചെരുപ്പ്, കുട തുടങ്ങി ചുണ്ടിൽ പുരട്ടുന്ന ലിപ്സ്റ്റിക് വരെ പച്ച വേണമെന്നാണ് മന്ത്രി പറഞ്ഞിരിക്കുന്നത്. ഇങ്ങനെ പച്ചമയമാക്കിയാൽ ലീഗുകാർ വിചാരിക്കുന്നത് കേരളത്തിലെ മുസ്ലീംഗൾ മൊത്തവും ലീഗിലോട്ട് അടുക്കുമെന്നാണ് അവരുടെ ധാരണ. ആ ധാരണയൊക്കെ തെറ്റാണ്. ഇപ്പോൾ 13-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനമാണ് നടക്കുന്നത്. ആറാം സമ്മേളനം നടക്കുമ്പോൾ ലീഗുകാർ ഇരിക്കുന്ന എം.എൽ.എ.-മാരുടെ സീറ്റെല്ലാം പച്ചയാക്കുമോ? അതാണ്  ഇവിടെ നടക്കുന്നത്. എല്ലാം പച്ചമയം ആക്കാനുള്ള ഇവരുടെ ശ്രമം........ ഇതിന്റെ ഭാഗമായിട്ടാണോ ഗ്യാലറിയിലും പച്ച വരാൻ തുടങ്ങിയത്? ഇനി അടുത്ത സമ്മേളനത്തിൽ മുഴുവൻ പച്ചയാകുമോയെന്നാണ്

ഞങ്ങളുടെ സംശയം. ഈ ഗവൺമെന്റ് വന്നശേഷം കെട്ടിട നികുതിയിൽ വലിയ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. പഴയ കെട്ടിടത്തിന്റെ തറ ഉൾപ്പെടെ പരിശോധന നടത്തിയിട്ടുവേണം കെട്ടിട നികുതി വർദ്ധിപ്പിക്കേണ്ടത്. അതുകൂടി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഡിമാന്റുകളെ അതിശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: സർ, ഇവിടെ നമ്മുടെ പ്രിയങ്കരനായ തദ്ദേശ ഭരണ വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ സാഹിബും പ്രിയങ്കര നായ വനം വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാറും അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച അപ്പുറത്തുള്ള എന്റെ പ്രിയ സുഹൃത്തുക്കൾ സൂചിപ്പിച്ചു, കേരളത്തിന്റെ വികസനം റോഡുകളിൽ മാത്രം ഒതുങ്ങുന്നുവെന്ന്. ഇവിടെ ഇത് പറയുമ്പോൾ ഈ കഴിഞ്ഞ ഒരു വർഷത്തെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്റെ പ്രിയ സുഹൃത്തുക്കൾ വിലയിരു ത്തണമെന്ന അപേക്ഷയാണ് എനിക്കുള്ളത്. വയനാട് ജില്ലയെടുത്ത് പരി ശോധിച്ചാൽ ഒരുപാട് കാലമായി ആവശ്യപ്പെടുന്ന ജില്ലയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമായിരിക്കുകയാണ്. അവി ടത്തെ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി കാർഷിക പാക്കേജിന് തുടക്കം കുറിക്കുന്നതിനുവേണ്ടി 25 കോടി രൂപ ഈ ഗവൺമെന്റ് അനുവ ദിച്ചിരിക്കുകയാണ്. മിനി എയർ സ്ട്രിപ്പ് ഉൾപ്പെടെയുള്ള ബദൽ റോഡ് അടക്കം പാവപ്പെട്ട ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി കാലി ത്തീറ്റ ഫാക്ടറി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ കഴിഞ്ഞ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഭൂമിക്കുവേണ്ടി വില്ലേജുകളിൽ പാവപ്പെട്ട ആളുകൾ ക്യൂ നിൽക്കുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. ഞാൻ മനസ്സിലാക്കിയത് ഭൂമി കേരളം എന്ന പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുന്ന തിനുവേണ്ടിയാണ് പാവപ്പെട്ട ജനങ്ങൾ വില്ലേജുകളിലേയ്ക്ക്_പോകുന്ന

തെന്നാണ്. മാത്രമല്ല, പഞ്ചായത്ത് തലത്തിൽ ഇപ്പോഴും പരിപാടികൾ നടക്കുന്നുണ്ട്. അഗതി പുനരധിവാസ പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്താണ്. അവർക്കാവശ്യമായ സ്ഥലവും വീടും വച്ചുകൊടുക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരള തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി ഗ്രാമീണ മേഖലയിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയും മറ്റെല്ലാ മന്ത്രിമാരും ഒരേ മനസ്സോടുകൂടി ഒരേ സ്വരത്തോടുകൂടി പ്രവർത്തിച്ച് പാവപ്പെട്ടവന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴേത്തട്ടിലേയ്ക്ക് ഇറങ്ങിയിരിക്കുകയാണ്. പ്രിയങ്കരനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സാധാരണക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങളും പുത്തൻ പദ്ധതികളും പുത്തൻ നയ സമീപനവുമായി മുന്നോട്ടുപോകുന്നത്. 12-ാം പഞ്ചവത്സര പദ്ധതി തുടങ്ങുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു മാർഗ്ഗരേഖ ഉണ്ടാക്കിക്കൊടുത്തിരുന്നു. അതിൽ പ്രതിപാദിച്ചിരിക്കുന്നത് ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനത്തിന് എല്ലാവർക്കും വീട്, കുടിവെള്ളം, എല്ലാ മേഖലകളിലും റോഡ് ഇത് പറയുമ്പോൾ വളരെ ദീർഘവീക്ഷണത്തോടുകൂടിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് കാണാൻ കഴിയും. കുടുംബശ്രീ പ്രസ്ഥാനം ഗ്രാമപഞ്ചായത്തു

കളിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ കുടുംബശ്രീ പ്രസ്ഥാനങ്ങളെ രാഷ്ട്രീയവത്ക്കരിക്കാൻ ഉപയോഗപ്പെടുത്തിയെങ്കിൽ ആ കുടുംബശ്രീ പ്രസ്ഥാനം അവരുടെ സ്വതന്ത്ര നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നതിന് അവസരം സൃഷ്ടിച്ചത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. 30,000 കുടുംബശ്രീ പ്രവർത്തകർക്ക് സംഘകൃഷി നടത്തി ഒന്നരലക്ഷം സ്ത്രീകൾക്ക് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 24,000 ഹെക്ടർ ഭൂമിയിൽ പച്ചക്കറി, വാഴ, നെല്ല് ഉൾപ്പെടെ യുള്ള കൃഷി നടത്താനുള്ള അവകാശമുണ്ടായത് ഈ ഗവൺമെന്റ് അധി കാരത്തിൽ വന്നതിനുശേഷമാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടി കൾക്ക് 22 ബഡ്സ് സ്കൂളുകൾ ആരംഭിച്ചതും ഈ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുവേണ്ടി 22 ബസ്സുകൾ സൗജന്യമായി അനുവദിച്ചതും ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാ ണ്. ഈ ഗവൺമെന്റ് പാവപ്പെട്ടവനെ തിരിച്ചറിയുന്ന ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ കാണാൻ കഴിഞ്ഞ കാഴ്ച, സംസാരിക്കാൻ ശേഷിയില്ലാത്ത പ്രപഞ്ചത്തെ ആസ്വദിക്കാൻ കഴിയാത്ത കാഴ്ചയില്ലാത്ത കുട്ടികളേയും തോളിലേറ്റി അച്ഛനമ്മമാരും സഹോദരിമാരും ജനസമ്പർക്ക പരിപാടിയിൽ വന്നതാണ്. അവരെയൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി അഞ്ചുലക്ഷം രൂപ വരെ സൗജന്യമായി കൊടുക്കുന്നതിന് തുടക്കം കുറിച്ചത് ഈ ഗവൺമെന്റാണ്. ഈ

ഗവൺമെന്റിനെ താഴേതട്ടിലുള്ള അമ്മമാരും സഹോദരിമാരും പാവപ്പെട്ടവരും രണ്ടുകയ്യുംനീട്ടി സ്വീകരിക്കുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു. വികലാംഗരായ ആളുകൾ, വാഹനാപകടങ്ങളിലും മറ്റും കൈകാലുകളും നട്ടെല്ലും തകർന്നുകിടക്കുന്ന ഒട്ടനവധി ആളുകൾ ഗ്രാമഗ്രാമാന്തരങ്ങളിൽ താമസിക്കുന്നുണ്ട്. അവർക്കൊക്കെ ടു വീലർ കൊടുത്ത്, തൊഴിൽ കൊടുത്ത് അവരെ സംരക്ഷിക്കുന്നതിനായി ഈ ഗവൺമെന്റ് പുത്തൻ പദ്ധതികൾ കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ സാമൂഹ്യക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ 40 ശതമാനം തുക പശ്ചാത്തല മേഖലയ്ക്കും 30 ശതമാനം സേവന മേഖലയ്ക്കും 30 ശതമാനം കാർഷിക മേഖലയ്ക്കും ഫണ്ട് ചെലവഴിച്ചിരുന്നു. അതിന് ഒരു മാറ്റം ഈ ഗവൺമെന്റ് കൊണ്ടുവന്നത് സ്വാഗതാർഹമാണ്. 45 ശതമാനം പശ്ചാത്തലമേഖലയിൽ, ഒട്ടനവധി സ്കൂൾ ബിൽഡിംഗുകളും റോഡുകളും മറ്റ് സൗകര്യങ്ങളും നമ്മുടെ ഗ്രാമങ്ങളിൽ ആവശ്യമാണ്. ഇപ്പോൾ 45 ശതമാനം കൊണ്ടുവന്നപ്പോൾത്തന്നെ 10 ശതമാനം കേരളത്തിലെ വനിതകളുടെ വികസനത്തിനുവേണ്ടി മാറ്റിവച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. 5 ശതമാനമാണ് ദുർബ്ബല വിഭാഗങ്ങൾക്കും കുട്ടികൾക്കും രോഗികൾക്കുമായി മാറ്റിവച്ചിരിക്കുന്നത്. അതിൽ ഒരു മാറ്റം വരുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട്

അപേക്ഷിക്കുകയാണ്. കേരളത്തിൽ ക്യാൻസർ രോഗികളും ഹൃദ്രോഗികളും ഉൾപ്പെടെയുള്ള രോഗികളുടെ എണ്ണം കൂടി വരികയാണ്. അതിൽ കാതലായ ഒരു മാറ്റമുണ്ടാകണം. നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ, വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിലെ എല്ലാ പഞ്ചായത്തുകളും പ്രോജക്ടുകൾ വയ്ക്കേണ്ടിയിരിക്കുന്ന കാലഘട്ടമാണിത്. നേരത്തെ ചോദ്യോത്തരവേളയിൽ പറഞ്ഞു, ചില പഞ്ചായത്തുകളിൽ കാർഷിക മേഖല വളരെ പിന്നോക്കമാണെന്ന്. അത്തരം പഞ്ചായത്തുകൾക്ക് മറ്റ് പദ്ധതികൾ കൊണ്ടുവന്നുകൊണ്ട് കാർഷിക മേഖല കൂടുതൽ ഉൾക്കൊള്ളുന്ന ജില്ലകൾക്ക് കൂടുതൽ പരിഗണന കൊടുത്തുകൊണ്ടുള്ള സംവിധാനമുണ്ടാകണം. ദിനംപ്രതി പഞ്ചായത്തിലെ ആവശ്യങ്ങൾ ഉയർന്നുവരികയാണ്. കാലവർഷം തുടങ്ങിയിരിക്കുകയാണ്. കാലവർഷക്കെടുതികൾ സംഭവിക്കുന്നു. പാവപ്പെട്ടവന്റെ വീടുകൾ തകരുന്നു, റോഡുകൾ തകരുന്നു, കൾവർട്ട് തകരുന്നു, വാഹന ഗതാഗതം തടസ്സപ്പെടുന്നു, കുടിവെള്ള പദ്ധതികളുടെ ഉപയോഗം തടസ്സപ്പെടുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തുകളുടെ തനതു വിഹിതമില്ലാത്ത, വരുമാന സാധ്യതയില്ലാത്ത പഞ്ചായത്തുകളുണ്ട്. ഉദ്യോഗസ്ഥർക്ക് ശമ്പളംപോലും കൊടുക്കാൻ കഴിയാതെ തനതു വരുമാനമില്ലാത്ത പഞ്ചായത്തുകളുണ്ട്. അവർക്കൊക്കെ അനലൈസ്ഡ് ഫണ്ട് അനുവദിച്ചുകൊടുത്തുകൊണ്ട് പാവപ്പെട്ട ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ജാഗ്രതാ സമിതികൾ പോലുള്ള സമിതികൾ രൂപീകരിച്ച് ഒരു മോണിട്ടറിംഗ് സംവിധാനമു

ണ്ടാക്കി മുന്നോട്ടുപോകണമെന്ന് ആവശ്യപ്പെടുകയാണ്. ഡി.പി.സി, ടാഗ് – ഈ സംവിധാനങ്ങളിൽ ഒരു നിയന്ത്രണം വരുത്തിയത് സ്വാഗതാർഹമാണ്. കാരണം, ഒരു പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞാൽ ഡി.പി.സി, ടാഗ് ഒക്കെ കഴിഞ്ഞുവരുമ്പോൾ ഈ പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഘട്ടം കഴിയുകയാണ്. സമയബന്ധിതമായി ഇംപ്ലിമെന്റ് ചെയ്ത് എക്സ്പെൻഡിച്ചർ കാണിക്കാൻ കഴിയാതെ പഞ്ചായത്ത് ഭരണ സമിതിയും ഉദ്യോഗസ്ഥരും വീർപ്പുമുട്ടുന്ന സാഹചര്യത്തിൽ ഒരു നല്ല തീരുമാനമെടുത്ത മന്ത്രിയേയും സർക്കാരിനേയും അഭിനന്ദിക്കുകയാണ്. പഞ്ചായത്തിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാറുണ്ട്. പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക ഉപപദ്ധതി അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പ് ഉണ്ടെങ്കിൽപ്പോലും മറ്റ് പതിനൊന്ന് വർക്കിംഗ് ഗ്രൂപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കാരണം, പൊതു ചർച്ചയിലും പൊതുവികസനത്തിനും പട്ടികവർഗ്ഗക്കാരുടെ പ്രാധാന്യം കണക്കിലെടുക്കണമെന്ന് സൂചിപ്പിക്കുകയാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ നടത്തുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം മുതൽ കേരള വികസന പദ്ധതിയടക്കം ഗവൺമെന്റുകൾ നടപ്പാക്കുമ്പോൾ ഗ്രാമസഭകളിൽനിന്നാണ് നല്ല നിർദ്ദേശങ്ങൾ ഉയർന്നുവരേണ്ടത്. അവിടെ അയൽക്കൂട്ടങ്ങളും കുടുംബശ്രീകളും രൂപീകരിക്കപ്പെട്ടു. അയൽക്കൂട്ടം, ഗ്രാമസഭ ലളിതവത്കരിച്ചുകൊണ്ടാണ് ഗ്രാമീണ

മേഖലയിലെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഇപ്പോൾ വളരെ ശുഷ്ക്കിച്ച രീതിയിലാണ് ഗ്രാമസഭകളുടെയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനമെന്നാണ് കാണാൻ കഴിയുന്നത്. അത് കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി കൊണ്ടുവരുന്നതിനുവേണ്ടി, ജനക്ഷേമകരമായ പദ്ധതിക്ക് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി, ജനങ്ങ ൾക്ക് കൂടുതൽ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി ജനങ്ങളെ ഗ്രാമസഭയിലേയ്ക്ക് കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി യോട് ആവശ്യപ്പെടുകയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നതാണ് പഞ്ചായത്തുകൾക്ക് ഫ്രണ്ട് ഓഫീസ്. അത് സ്വാഗതാർഹമാണ്. പക്ഷേ സാധാരണക്കാരായ ആളു കൾക്ക് അവരുടെ അത്യാവശ്യമായ സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്ര മുൾപ്പെടെയുള്ളവും ലഭ്യമാക്കേണ്ടിവരുന്നത് പഞ്ചായത്തുകളിൽനി ന്നാണ്. ആവശ്യമായ സർട്ടിഫിക്കറ്റുകൾക്ക് ഫ്രണ്ട് ഓഫീസുകളിൽ അപേക്ഷകൾ കൊടുത്ത് റെസീപ്റ്റുകൾ വാങ്ങി സന്തോഷത്തോടെ മട ങ്ങുന്നവർക്ക് ദിവസങ്ങളും മാസങ്ങളും കഴിഞ്ഞാണ് അവ ലഭിക്കുന്നത്. ഫ്രണ്ട് ഓഫീസിൽ ആവശ്യമായ ജീവനക്കാരില്ല. സമയബന്ധിതമായി ജനങ്ങൾ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിനുവേണ്ടി യുള്ള തീരുമാനമുണ്ടാകണം. അതിന് ആവശ്യമായ ഭേദഗതി വരുത്ത ണം. അവിടെ പ്രത്യേകം ജീവനക്കാരില്ല. ജീവനക്കാരെ നിയമിക്കുന്ന

തിന് ആവശ്യമായ സംവിധാനമുണ്ടാക്കിയാൽ മാത്രമേ പാവപ്പെട്ട ജനങ്ങൾക്ക് വേണ്ട സർട്ടിഫിക്കറ്റുകൾ വാങ്ങി മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് അവരുടെ ആവശ്യങ്ങൾ, അതായത് ധനസഹായങ്ങളും മറ്റും ലഭ്യ മാക്കാൻ കഴിയുകയുള്ളു. ഒരു പഞ്ചായത്ത് പ്രസിന്റിന്റെ സാക്ഷ്യപത്രം ലഭിക്കണമെങ്കിൽ ഫ്രണ്ട് ഓഫീസിൽ അപേക്ഷ കൊടുത്ത് ദിവസങ്ങ ളോളം കാത്തിരിക്കണം. ഇതിനൊക്കെ മാറ്റം വരുത്താൻ ഗവൺമെന്റ് ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ പദ്ധതിക ളൊക്കെ അംഗീകരിച്ച് ഇംപ്ലിമെന്റിംഗ് സ്റ്റേജിലേയ്ക്ക് എത്തുമ്പോൾ തട സ്സങ്ങൾ നേരിടുന്നു. അത് കൂടുതലും പട്ടികവർഗ്ഗ പ്ലാൻ പദ്ധതിയിലാണ് വരുന്നത്. പദ്ധതികൾ അംഗീകരിച്ച് ഇംപ്ലിമെന്റ് ചെയ്യുന്ന അവസ്ഥയിൽ അതിന് എഗ്രിമെന്റ് വയ്ക്കണമെങ്കിൽ സ്ഥലം വിട്ടുകൊടുക്കണം. പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അവർ താമസിക്കുന്ന സ്ഥലത്ത് ഒരു പദ്ധതി കൊണ്ടുവരുന്നത് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഫീസിബിലിറ്റിയെ അടിസ്ഥാനപ്പെടുത്തിയാണ്. അമ്പത്തിയൊന്നുശതമാനം പട്ടികവർഗ്ഗ ക്കാർക്ക് ആ പദ്ധതി പൂർണ്ണമായും ഉപയോഗപ്രദമാണെന്ന് കണ്ടതിനാ ലാണ് അവിടെ പദ്ധതി അംഗീകരിക്കുന്നത്. അവിടെ അവരുടെ സ്ഥലം രജിസ്റ്റർ ചെയ്തുകൊടുത്താൽ മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ഇല്ലെങ്കിൽ വില്ലേജ്, താലൂക്ക്, സബ്കളക്ടർ, ജില്ലാക ളക്ടർ വരെ ആ പേപ്പർ ചെന്ന് അവിടെ നിന്ന് ഓർഡർ കിട്ടിയാൽ മാത്രമേ അത് നടപ്പാക്കാൻ കഴിയുകയുള്ളു. ഞങ്ങളൊക്കെ കൂട്ടുകു

ടുംബ ജീവിതത്തിന് വിധേയരാണ്. കുമാരി പി.കെ. ജയലക്ഷ്മി ഉൾപ്പെടെ ഞങ്ങൾ കുറേക്കാലങ്ങളായി ജനപ്രതിനിധികളായി പഞ്ചായത്തുകളിലു ണ്ട്. കഴിഞ്ഞ അഞ്ചുവർഷം ഞാൻ ജില്ലാപഞ്ചായത്ത് മെമ്പറായിരുന്നു. ആ അഞ്ചുവർഷം കോളനി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വിക സനത്തിന് വേണ്ടി, കുടിവെള്ളം, സ്കൂൾ കെട്ടിടം, പകൽ വീട് അങ്ങനെ യുള്ള നിരവധി പദ്ധതികൾ വച്ചെങ്കിലും അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴി ഞ്ഞില്ല. അതിന് കാരണം സ്ഥലം രജിസ്റ്റർ ചെയ്ത് കൊടുക്കണമെന്നതാ ണ്. പട്ടികവർഗ്ഗക്കാർക്ക് പ്രയാസമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അത് ഒരു എഗ്രിമെന്റ് വ്യവസ്ഥയാക്കിക്കൊണ്ട് ആ എഗ്രി മെന്റിൽക്കൂടി ഈ പദ്ധതി ഇംപ്ലിമെന്റ് ചെയ്യാൻ സാഹചര്യമുണ്ടായാൽ തീർച്ചയായും അവിടെ സമയബന്ധിതമായി പദ്ധതി പൂർത്തികരിക്കാൻ സാധിക്കും. മറ്റൊരുകാര്യം, സ്പിൽ ഓവർ നമ്മളെ സംബന്ധിച്ച് വലി യൊരു പ്രശ്നം തന്നെയാണ്. ഇത് ഒരു പഞ്ചവത്സര പദ്ധതിയുടെ ഘട്ട ത്തിൽ പദ്ധതി അനുവദിച്ചുകഴിഞ്ഞ്, ആ കാലഘട്ടത്തിൽ പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ അഞ്ചുവർഷം പൂർത്തീകരിച്ചിട്ടും ആ പദ്ധതി തീർക്കാത്ത സാഹചര്യമുണ്ട്. അപ്പോൾ ഓരോ വർഷവും അനുവദി ക്കുന്ന പദ്ധതിത്തുക സ്പിൽ ഓവറിലേയ്ക്ക് മാറ്റുമ്പോൾ പുതിയ പദ്ധതി പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. അതിന് മാറ്റമുണ്ടാകണം. വനം വകുപ്പുമായി ബന്ധപ്പെട്ട്-ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. വയനാട് ജില്ലയിൽ

45 വർഷമായി വനത്തിൽ കഴിയുന്ന ആളുകൾ, കാട്ടാനയുടെയും കാട്ടു പോത്തിന്റെയും വെട്ടേറ്റ് 22 ആളുകൾ മരണപ്പെടുകയും 35 യുവാക്കൾക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അവരെയൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി ബൃഹത്തായ പദ്ധതി കൊണ്ടുവന്ന് 96 കുടുംബങ്ങളെ വനത്തിൽനിന്ന് പുറത്തേയ്ക്ക് കൊണ്ടുവന്നു. അതിന് വനം വകുപ്പുമന്ത്രി നന്നായി സഹകരിച്ചുവെന്നതാണ് യാഥാർത്ഥ്യം. 108 ഏക്കർ വനഭൂമി വനം വകുപ്പിലേയ്ക്ക് തിരിച്ചുകൊടുക്കാനുള്ള സാഹചര്യമുണ്ടായി. അവരുടെ ജീവനും സ്വത്തിനും ഈ ഗവൺമെന്റ് സംരക്ഷണം കൊടുത്തു. ഇനിയും ഒട്ടനവധി ആളുകൾ ഫോറസ്റ്റിലുണ്ട്. അവരെ വനം വകുപ്പിന്റെയും ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെയും പദ്ധതിയിൽക്കൂടി പുറത്തു കൊണ്ടുവന്നുകൊണ്ട് അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള വനത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള, പാവങ്ങളെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തീരുമാനമെടുക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ പഞ്ചായത്ത് വകുപ്പിനെ രണ്ടു മൂന്നായി വിഭജിച്ചുവെന്ന് എല്ലാവരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ നടപടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപകരിക്കില്ല. അതുകൊണ്ട് ഈ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു മന്ത്രിയുടെകീഴിൽകൊണ്ടുവന്ന് പ്രസ്തുത വകുപ്പിന്റെ നിയന്ത്രണവും ഭരണവും നടത്തണമെന്നാണ് എന്റെ അഭിപ്രായം. പഞ്ചായത്ത് വകുപ്പ് രൂപീകൃതമായിട്ട് 2012, ജനുവരി മാസം 19-ാം തീയതി അൻപത് വർഷം തികഞ്ഞത് വകുപ്പ് അറിഞ്ഞില്ലെന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ ഗവൺമെന്റിന്റെ ഭരണപരമായ പോരായ്മ മനസ്സിലാക്കുവാൻ സാധിക്കും. ഭരണഘടനയിലെ 73, 74 എന്നീ വകുപ്പുകൾ പ്രകാരം ജനങ്ങൾക്ക് നിരവധി അവകാശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും 12-ാം ധനകാര്യ കമ്മീഷൻ പഞ്ചായത്തുകൾക്ക് നീക്കിവച്ച തനത് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഇപ്പോഴും ഉത്തരവായിട്ടില്ല എന്നത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭവനനിർമ്മാണ പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇ.എം.എസ്. ഭവന പദ്ധതിയനുസരിച്ച് അഞ്ച് ലക്ഷത്തിൽപ്പരം വീടുകളുടെ പണി പൂർണ്ണമായും രണ്ട് ലക്ഷത്തോളം വീടുകളുടെ പണി ഭാഗികമായും പൂർത്തീകരിച്ചിരുന്നു. ഈ ഗവൺമെന്റ് ഒരു വർഷം 14000 വീടുകൾ

പൂർത്തീകരിക്കുമെന്ന് പറഞ്ഞെങ്കിലും അത് സംബന്ധിച്ച ഒരു വ്യക്തത ഇപ്പോഴും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, ഓരോ വീടിനും അനുവദിച്ച തുകയെ സംബന്ധിച്ചും തർക്കം നിലനിൽക്കുകയാണ്. ഇക്കാര്യങ്ങളിൽ ഈ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കാത്തത് ഒരു കുറവായി ത്തന്നെ കാണുന്നു. 2011 മുതൽ വീട് പണി തുടങ്ങിയവർക്ക് ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ അതുസംബന്ധിച്ച് ഉത്തര വിറങ്ങിയിട്ടില്ല എന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തുകൾ നേരിടുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് കുടിവെള്ള പ്രശ്നം. കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വർക്കുകൾക്ക് പുതു തായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് പ്രതിനിധികൾ അല്ലെങ്കിൽ ഗ്രാമസഭകൾ ശുപാർശ ചെയ്യുമ്പോൾ ബന്ധപ്പെട്ട വർക്കുകളിൽ ഇടപെടു ന്നത് അർഹരായ കൺവീനറും കോൺട്രാക്ടറും എഞ്ചിനീയറും ഒക്കെ ആണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. എങ്ങനെയാണ് ആ ജോലി പൂർത്തീകരിക്കുന്നത്, എത്ര തുകയാണ് അതിന് വേണ്ടിവരുന്നത് ഇതൊക്കെ പരിശോധിക്കണം. ഇവയിലൊക്കെ അഴിമതി നടത്തുവാനുള്ള സാഹചര്യം ധാരാളമുണ്ട്. വളരെ തുച്ഛമായി 50000-1,00,000 രൂപ വരെ ചെലവഴിച്ച് എളുപ്പം പൂർത്തീകരിക്കേണ്ട കുടിവെള്ളവുമായി ബന്ധപ്പെട്ട ജോലികൾ ഉൾപ്പെടെയുള്ളവയിൽ പൊതുജങ്ങളെ അറിയിക്കാതെ ഇഷ്ടാനുസരണം കൺവീനർമാർ തെരഞ്ഞെടുക്കുക, ഗ്രാമസഭകൾ അറി യാതെ വീടുകൾ നൽകുക, ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്ന

തിൽ ക്രമക്കേടുകൾ വരുത്തുക, ലിസ്റ്റ് സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗസ്ഥരെ അറിയിക്കാതിരിക്കുക തുടങ്ങിയ ക്രമക്കേടുകൾ വ്യാപകമായി നടക്കുന്നുണ്ടെന്നുള്ളത് തെളിവ് സഹിതം വെളിപ്പെടുത്താൻ സാധിക്കും. അതുപോലെ തന്നെ ആശുപത്രികൾ, പി.എച്ച്.സി. സെന്ററുകൾ തുടങ്ങിയ മേഖലകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വേണ്ട താൽപ്പര്യം കാണിക്കുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ജില്ലാ–ബ്ലോക്ക് പഞ്ചായത്തുകളിലുള്ള ആശുപത്രികളിലേയും സ്കൂളുകളിലേയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാണാതെപോകുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മൂന്നുകൊല്ലം സ്ഥിരമായി എഞ്ചിനീയർമാരേയും കൺവീനർമാരേയും കോൺട്രാക്ടർമാരേയും നിയമിക്കുന്നത് പഞ്ചായത്തുതലത്തിൽ അഴിമതി കൂടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നുള്ളതാണ് വസ്തുത. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണം. എം.എൽ.എ.–മാരുടെ താമസസ്ഥലവുമായി ബന്ധപ്പെട്ട ഓരോ പഞ്ചായത്തിലും ഒരു പഞ്ചായത്താഫീസ് വീതം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ഉത്തരവ് നൽകുന്നത് ഉചിതമായിരിക്കും. ക്ഷേമകാര്യങ്ങളുമായി ബന്ധപ്പെട്ട് ധാരാളം അംഗൻവാടികളും ഓർഫണേജുകളും ഇപ്പോൾ പല സ്ഥലങ്ങളിലുമുണ്ട്. കുട്ടികളുടേയും കൗമാരപ്രായക്കാരുടേയും വികലാംഗരുടേയും പ്രായമാവരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ബ്ലോക്ക്

തലത്തിലോ ഗ്രാമപഞ്ചായത്ത് തലത്തിലോ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കത്തവിധം ഒരു കേന്ദ്രം രൂപീകരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ ചെയ്യാൻ അങ്ങ് ശ്രമിക്കുന്നുണ്ട്. ശ്രീമതി ഇ.എസ്. ബിജിമോൾ ഇവിടെ ചൂണ്ടിക്കാണിച്ച തുപോലെ ചില ഉദ്യോഗസ്ഥരുടെ തെറ്റായ ഇടപെടൽ കാരണമാണ് മുഖ്യ മന്ത്രിയടക്കമുള്ളവർ ശ്രമിച്ചുട്ടുപോലും നീലകുറിഞ്ഞിയുമായി ബന്ധ പ്പെട്ട കാര്യങ്ങളിൽ തീർപ്പുകല്പിക്കാൻ സാധിക്കാത്തത്. ഫിസിക്കലായി പരിശോധന നടത്തിയാൽ തീർക്കാവുന്ന ഒരു പ്രശ്നത്തെ സി.സി.എഫ്. ഉൾപ്പെടെയുള്ളവർ തെറ്റായ വ്യാഖ്യാനം നടത്തിയതിന്റെ ഫലമായാണ് പട്ടയഭൂമി അടക്കമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നത്. ഇ.എഫ്. എൽ.ആയിട്ടുള്ള അപഹരിക്കപ്പെട്ട പട്ടയഭൂമി കൃഷിക്കാർക്ക് തിരിച്ചുനൽകുവാനുള്ള നടപടി എത്രയുംവേഗം പൂർത്തീകരിക്കണം. മൂന്നാറിൽ ഒരു സ്പോർട്ട്സ് ഗ്രൗണ്ടും ഒരു ബൊട്ടാണിക്കൽ ഗാർഡനും ഒരു തിയറ്ററും അനുവദിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ അതിന്റെ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. അവിടത്തെ ആദിവാസിക ളുടെ ദീർഘകാലമായുള്ള ആഗ്രഹമാണ്. ഇന്നത്തെ സാമൂഹ്യസ്ഥിതയിൽ ഗവൺമെന്റിന്റെ പ്രവർത്തനം നല്ലനിലയിലുള്ളതല്ലെന്ന് നമുക്ക് കാണാൻ കഴിയും. രാഷ്ട്രീയ പ്രവർത്തനങ്ങളുടെ സന്ദേശവും സർക്കാരിന്റെ സന്ദേശവും ജനങ്ങളുടെ സാംസ്ക്കാരിക വളർച്ചയ്ക്ക് വളരെ പ്രധാ

നപ്പെട്ടതാണ്. ഇന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കെതിരായി വളരെ മോശമായ ചില നിലപാടുകൾ സ്വീകരിക്കുകയാണ്. ഇന്ത്യയിൽ മഹാത്മാഗാന്ധിയും ഇന്ദിരാഗാന്ധിയും രാജീവ്ഗാന്ധിയും വെടിയേറ്റ് മരിച്ചു. രാജീവ് ഗാന്ധി ഒരു മേയ് മാസം 21 –ാം തീയതി കൊലചെയ്യപ്പെട്ട വേദിയിൽ നളിനിയും മുരുകനും ശിവരശനും ധനുവും എത്തിപ്പെടുവാനിടയായ സാഹചര്യമെന്താണ്? നീതിബോധമുള്ള സാമൂഹ്യ വ്യവസ്ഥയിലേയ്ക്ക് ഭരണകൂടത്തെ കൊണ്ടെത്തിക്കുന്നത് എങ്ങനെയാണ്? ഇത്തരം സംഭവങ്ങളിൽ എല്ലാവരും ഒരുപോലെ ദു:ഖിതരാണ്. പക്ഷേ അതിന് വേദിയൊരുക്കിയ ആളുകളും ഗൂഢാലോചനയിൽ പങ്കാളികളാണ്. ഒരു ഗൂഢാലോചനയുടെ ഭാഗമായാണ് മഹാത്മാഗാന്ധിയും ഇന്ദിരാഗാന്ധിയും കൊല്ലപ്പെട്ടത്. രാഷ്ട്രീയ പ്രസംഗത്തിൽ ആവേശപൂർവ്വം പ്രസംഗിക്കാത്ത എത്ര രാഷ്ട്രീയക്കാർ ഇവിടെയുണ്ട്? ഇന്ന് രാവിലെ അടിയന്തരപ്രമേയാവതരണ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ചെന്താമരാക്ഷന്റെ പേര് ഉദ്ധരിക്കുന്നത് കേട്ടു.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> ഇന്ന് രാവിലെ ഞാൻ അവതരിപ്പിച്ച അടിയന്തപ്രമേത്തിന് ഇടപെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുകാര്യം പറയുകയുണ്ടായി. തൃശൂർ ജില്ലയിലെ ചാലക്കുടി ഡിവിഷനുകീഴിൽ വെള്ളിക്കുളങ്ങര റെയ്ഞ്ചിലെ മുപ്ലിവാലി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് അദ്ദേഹം പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവൺമെന്റ് അത്തരമൊരു തീരുമാനമെടുത്തിരുന്നു. അത് ശനിയാഴ്ചത്തെ പത്രത്തിൽ വന്നു. അങ്ങനെവന്നപ്പോൾ അത് സംബന്ധിച്ച് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ആളുകൾ ഹൈക്കോടതിയിൽ പോയിതിന്റെ അടിസ്ഥാനത്തിൽ ഞായറാഴ്ച കോടതി ചേരുകയാണ്. ജസ്റ്റിസ് സിരിജഗന്റെ വീട്ടിലാണ് യോഗം ചേരുകയും ഗവൺമെന്റിന്റെ തീരുമാനം തടസ്സപ്പെടുത്തുകയുമാണ് ഉണ്ടായത്. ചരിത്രത്തിൽ ഒരു പക്ഷേ ആദ്യമായിട്ടായിരുക്കും ഇത്തരത്തിൽ ഞായറാഴ്ച യോഗം ചേരുന്നത്. കോടതിയും ഗവൺമെന്റും ഉദ്യോഗസ്ഥന്മാരും ഇടപെടാഞ്ഞിട്ടല്ല, സിരിജഗൻ നേരിട്ട് ഇടപെട്ട് അത് തടയുകയാണ്. അങ്ങനെയാണ് ഒരു പ്രശ്നമുണ്ടാകുന്നത്. ഇതുമായിബന്ധപ്പെട്ട് തിങ്കളാഴ്ച വീണ്ടും ഇരിങ്ങാലക്കുട കോടതിയിൽ  ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ആളുകൾ ചെന്ന് സർക്കാർ ഉത്തരവ് തടയുന്നതിനാവശ്യമായ നീക്കം നടത്തുകയാണ്. അല്ലാതെ ഗവൺമെന്റ് അതിൽ ഉദാസീനമായ യാതൊരു നിലപാട് ............... സർ, അത് കറക്ടാണ്. വളരെ കറക്ടാണ്. അതാണ് ഞാൻ പറഞ്ഞത്. സങ്കുചിതമായ ചില നിലപാടുകൾ രാഷ്ട്രീയമായി അനുകൂലമാക്കിത്തീർക്കുവാൻ വേണ്ടിയെടുക്കുന്ന സമീപനങ്ങളാണ്. ഒരുദാഹരണം പറയാം. ഇടുക്കി ജില്ലയിലെ ഞങ്ങളുടെ പാർട്ടി സെക്രട്ടറി സഖാവ് എം. എം. മണിക്കെതിരെ 20 വർഷത്തിനുമുമ്പുള്ള കാര്യങ്ങൾ വിശദീകരിക്കുമ്പോഴുണ്ടായിട്ടുള്ള ഒരു വാചകത്തിന്റെ പുറത്ത് കേസെടുത്തിരിക്കുകയാണ്. ഹൈക്കോടതിയിൽ ഒരു കേസ് വരികയും പിന്നീടത് സുപ്രീംകോടതി

യിലേയ്ക്ക് പോകുകയും ചെയ്തു. പിന്നീട് സഖാവ് കെ.കെ. ജയചന്ദ്രന്റെ പേരിലുള്ള എഫ്.ഐ.ആർ. റദ്ദ് ചെയ്യണമെന്ന് പറഞ്ഞ് ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തു. അവിടെ അന്വേഷണത്തിന് ഞങ്ങളല്ലായെന്നു പറഞ്ഞ് കോടതിയിൽ അറിയിപ്പ് കൊടുക്കുന്ന സമീപനമാണ് പോലീസെടുത്തത്. അതിൽ കേസില്ല. എന്നാൽ സഖാവ് എം.എം. മണിയുടെ പേരിൽ അന്വേഷണം നടത്തുന്ന കേസിന്റെ ഭാഗമായി തുടർച്ചയായി സഖാവ് കെ.കെ. ജയചന്ദ്രനെയുംകൂടി ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമായി അന്വേഷണത്തിനുവേണ്ടി ഒരു കേസ് തയ്യാറാക്കുകയാണ്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതും അതാണ്. രാജ്യത്തിലെ ഉന്നതരായിട്ടുള്ള ആളുകൾപോലും നടത്തിയിട്ടുള്ള വളരെ പ്രധാനപ്പെട്ട സംഭവങ്ങളിൽപ്പോലും കാണാൻ കഴിയാത്ത കാര്യങ്ങൾ കേരളത്തിൽ കാണുവാൻ കോൺഗ്രസ് ആഗ്രഹിക്കുന്നുവെന്നുപറഞ്ഞാൽ അതിൽ രാഷ്ട്രീയമായുള്ള സന്ദേശം എന്താണെന്നുള്ളത് മനസ്സിലാകും. ഇപ്പോൾ ബംഗാളിൽ മാവോയിസ്റ്റുകളും ശ്രീമതി മമതാ ബാനർജിയും കോൺഗ്രസും ചേർന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കണമെന്നാഗ്രഹിക്കുന്നു. അതിന്റെ ഫലമായിട്ടുള്ള ഒരു സംഭവമാണ് കളക്ടറെ തട്ടിക്കൊണ്ടുപോയത്. നിയന്ത്രണത്തിനതീതമായി വന്നപ്പോഴാണ് മാവോയിസ്റ്റുകൾ മറ്റ് സംസ്ഥാനത്തിലെ കളക്ടറെ തട്ടിക്കൊണ്ടുപോയത്. ഉദ്യോഗസ്ഥന്മാർക്കാണ് അത്തരം ദുർഗതി വരുന്നത്. അങ്ങനെയാണ് ഒട്ടനവധി സംസ്ഥാനങ്ങളിൽ മുമ്പുള്ള കാലഘട്ടങ്ങളിലെല്ലാം

ഭീകരതയും തീവ്രവാദ പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുള്ളത്. ഇവിടെയും അതുപോലെ കോൺഗ്രസ് ആഗ്രഹിക്കുന്ന വിധത്തിൽ, അവർക്ക് സ്വാധീനമുള്ള പ്രദേശങ്ങളിലെ കരുത്തരായ നേതാക്കന്മാരെ ഇല്ലാതാക്കുന്നതിനുവേണ്ടി ഗൂഢാലോചനയിലൂടെ കേസുകളിൽ ഉൾപ്പെടുത്തുന്നു. ഇടുക്കി ജില്ലയിൽ അനീഷ് രാജ് എന്ന് പറയുന്ന എസ്.എഫ്.ഐ.-യുടെ നേതാവിനെ കോൺഗ്രസ്സുകാർ കൊന്നു. ഇപ്പോഴും അതിലെ പ്രതികളായ ഏഴ് ആളുകളെ പിടിച്ചിട്ടില്ല. പത്രമാധ്യമങ്ങൾ ഇതൊന്നും കാണുന്നുമില്ല. അവർക്ക് അതൊരു പ്രധാനപ്പെട്ട വിഷയവുമല്ല. തമിഴ് മലയാളികളുമായുള്ള ഒരു പ്രശ്നം കോൺഗ്രസ് ഉയർത്തിയെടുത്ത് തമിഴ് തൊഴിലാളികളെ കൊല്ലാൻ ശ്രമിച്ച സന്ദർഭത്തിൽ തടയുവാൻ എത്തിച്ചേർന്നതാണ് ഈ എസ്.എഫ്.ഐ. നേതാവ്. അയാളെ കൊലപ്പെടുത്തിയ കോൺഗ്രസ്സുകാരോട് മറ്റൊരു സമീപനമാണ് സ്വീകരിക്കുന്നത്. ഇവിടെ എന്നോ നടന്ന സംഭവത്തെ സംബന്ധിച്ച് പരാമർശം നടത്തി. പരാമർശം നടത്തുമ്പോൾ വാക്കുകൾ ഇടയിൽ മാറിവീഴുകയോ മറ്റോ ചെയ്തു. അഥവാ ആണെങ്കിൽപോലും അതിനെ സംബന്ധിച്ച് വ്യക്തമായി കാര്യങ്ങൾ പറയുകയും ചെയ്തു. കോടതിയിൽപോലും മാപ്പ് പറയുകയും പറയുന്നതെല്ലാം സത്യമാണെന്ന് പറയുകയും ചെയ്യുന്ന ശൈലി ഭരണപരമായി നിലവിലുണ്ട്. എന്ത് കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്താലും അംഗീകരിക്കുവാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥരെക്കൊണ്ട് ഇത്തരത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ മാത്രം ആഗ്രഹിക്കുന്ന ഒരു ഭരണകൂടമായി മാറുന്ന അവസ്ഥയാണ്.

അതാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റിന് ഒരു നയമില്ല. അവരുടെ ഏക നയം ഭരണം നിലനിറുത്തുവാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും കോൺഗ്രസ്സിനെ നിലനിറുത്തുവാൻ എന്തെല്ലാം ചെയ്യു വാൻ സാധിക്കുമെന്നതുമാണ്. ഇത് മാത്രമാണ് അവരുടെ ആഗ്രഹം. നിയ മം പാലിക്കണം, നിയമത്തെ മാനിക്കണം, നിയമത്തിന് എല്ലാവരും വിധേ യരാണ് എന്നൊക്കെ പറയുമ്പോൾ അത് ഭരണപക്ഷത്തിന് മാത്രം അനു കൂലമാണെന്ന് കരുതുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽനിന്നും പിന്മാറണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. നയപരമായും രാഷ്ട്രീയപര മായും ഭരണപരമായും അതിനെ സ്വാധീനിക്കുവാൻ ഉപയോഗപ്പെടു ത്തുന്ന ഈ ഭരണത്തിനെ ഒരു കാരണവശാലും അനുകൂലിക്കുവാൻ കഴി യുന്നതല്ല. അതിൽ ശക്തിയായ പ്രതിഷേധം അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.